317
OCTOBER-NOVEMBER 2025

# KERALA PRIVATE COLLEGE TEACHER

ISSN 2454-4795
a monthly journal of the all kerala private college teachers' association



KERALA PRIVATE
# COLLEGE TEACHER
OCT/NOV 2025 317

EDITORIAL BOARD

Editor
**Dr. Vidhu Narayan**

Managing Editor
**Dr. N. Renuka**

Assistant Editors
**Dr. M. R. Rajesh**
**Sreelekshmi A.R.**

Issue Editors
**N.K.Sunilkumar**
**Dr. Preetha Krishan L.**

**Members**
A. Nisanth
Prof. (Dr.) K. Bijukumar
Asha Prabhakaran
Sanjeev G.
Pramod Vellachal
Dr. Sumesh A.S.
Dr. Bindumol B.
N.K. Sunilkumar
Harinarayanan S.
Dr. Vishnu Sreevalsan
Midhun Shah
Dr. Remya G.
Dr. Anju Linda Varghese
Dr. Sanand C. Sadananda Kumar
Dr. Preetha Krishna L.

Design :
Jwala Creatives

Views expressed by individuals in the journal are their own and need not necessarily be taken as policy of the Association.

Edited, Printed and Published by
Prof. (Dr.) K. Bijukumar, AKPCTA State Committee Office, Vanchiyoor, TVPM-35.

AKPCTA State Committee Office
Mathrubhumi Road,
Vanchiyoor, Thiruvananthapuram-35
**Ph: 0471-2463494**
**Mobile: +91 94470 14956**
collegeteacheredt@gmail.com
www.akpcta.org



## എഡിറ്റോറിയൽ

പ്രസിദ്ധവും മാതൃകാപരവും ദീർഘകാലം ചർച്ചചെയ്യപ്പെട്ടവയുമായ മിക്ക സംഭവങ്ങളും  അതു സംഭവിച്ച കാലത്ത് കൊണ്ടാടപ്പെട്ടവയായിരുന്നില്ല. ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങൾക്ക്  കേന്ദ്രം വാരിക്കോരി ധനം നൽകുമ്പോൾ  കടുത്ത അവഗണനയും സാമ്പത്തികപ്രതിസന്ധിയും നേരിടുന്ന ഒരു സംസ്ഥാനത്തെ സർക്കാർ ലഭ്യമായ ധനം കൊണ്ട് കൃത്യമായ സാമ്പത്തികാസൂത്രണം നടത്തി അതിദാരിദ്ര്യമില്ലാത്ത ജനതയാണ് തങ്ങളുടെ സംസ്ഥാനത്തേത് എന്ന പ്രഖ്യാപിക്കുന്നത് ഭാവിയിൽ ചരിത്രത്താളുകളിൽ രേഖപ്പെടുത്തപ്പെടുമെന്ന് ഉറപ്പുള്ള കാര്യം തന്നെയാണ്. ഈ വർഷത്തെ കേരളപ്പിറവിദിനം അതിദരിദ്രരില്ലാത്ത കേരളം എന്ന ദീർഘകാല സ്വപ്നം സാക്ഷാത്കരിച്ച ദിനം കൂടിയായിരുന്നു. കേരള സർക്കാർ, അന്തസ്സോടെ ജോലിചെയ്യാവുന്നതരത്തിൽ അതിഥി അധ്യാപകരുടെ വേതനം ഉയർത്തിയതും മലയാളഭാഷയിലും ഉന്നതവിദ്യാഭ്യാസം നേടാമെന്ന നിലപാടെടുത്തതും അധ്യാപകസമൂഹത്തിന്റെയും മലയാളഭാഷയുടെയും മൂല്യം വർദ്ധിപ്പിക്കുന്ന തീരുമാനങ്ങളായിരുന്നു. പ്രതിസന്ധികൾക്കിടയിലും ധാരാളം ജനക്ഷേമപദ്ധതികൾ നടപ്പിലാക്കി നവകേരളസൃഷ്ടിക്കായി പ്രതിജ്ഞാബദ്ധതയോടെ പ്രവർത്തിക്കുന്ന സർക്കാരിന് അഭിവാദ്യമർപ്പിച്ചുകൊണ്ട് ഈ ലക്കം വായനക്കാർക്കു സമർപ്പിക്കുന്നു.

**എഡിറ്റർ**
collegeteacheredt@gmail.com
9447237659

# ഉള്ളടക്കം




നവകേരളപ്പിറവിയും ഫെഡറൽ സംവിധാനങ്ങളും
**ഡോ. ബിജുകുമാർ കെ.** ........ 4

OBLIVION
**Dr. Anisha N.** ........ 9

പഴക്കെണി
**എൻ.കെ. സുനിൽകുമാർ** ........ 14

വഴിയടഞ്ഞ വഴികൾ
**ഡോ. ജോസ് മാത്യു** ........ 22


NEW ERA
**Dr. Subha Sachithanand** ........ 27


WALKING TOGETHER: UNDERSTANDING THE WORLD OF WHITE CANE
**Amitha P. James** ........ 28


അമീബിക് മസ്തിഷ്ക ജ്വരം: ഭീഷണിയും പ്രതിരോധവും
**ഡോ. സുബോജ് ബേബിക്കുട്ടി** ........ 36

**സംഘടനാവാർത്തകൾ** ........ 39

**സർക്കാർ ഉത്തരവുകൾ** ........ 45





ഡോ. ബിജുകുമാർ കെ.

# നവകേരളപ്പിറവിയും ഫെഡറൽ സംവിധാനങ്ങളും

കേരളം നിർണ്ണായകമായ രണ്ട് തെരഞ്ഞെടുപ്പുകളെ നേരിടാൻ പോകുന്ന ഒരു ഘട്ടമാണിത്. രാഷ്ട്രീയമായ നിലപാടുകളും ഭരണമികവുകളും ജനവിധി തേടുന്ന ഈ ഘട്ടത്തിൽ സങ്കീർണ്ണവും ബഹുമുഖവുമായ പ്രതിസന്ധികളെയാണ് നാം അഭിമുഖീകരിക്കുന്നത്. സംഘടനാപരമായി നാം ഏറ്റെടുക്കേണ്ട ദൗത്യം വളരെ പ്രസക്തമാണ്. ജനാധിപത്യ സംവിധാനത്തിൽ പുലരുന്ന ഇന്ത്യയുടെ ഭരണഘടന മാറ്റിയെഴുതുകയും കോർപ്പറേറ്റുകൾക്കും വർഗ്ഗീയശക്തികൾക്കും ഭരണതലത്തിൽ തന്നെ പ്രാമാണ്യം കൊടുക്കുകയും ചെയ്യുന്ന സംഘപരിവാർ അജണ്ട പല നിലകളിൽ നടപ്പിലായി വരുന്ന സാഹചര്യത്തിൽ പുരോഗമനപരമായ നിലപാടിൽ ഉറച്ചു നിന്നു പ്രവർത്തിക്കുന്ന എകെപിസിടിഎ എന്ന അദ്ധ്യാപക സംഘടന ഏത് രീതിയിൽ പ്രതിരോധം തീർക്കും എന്നത് പ്രസക്തമാണ്.

സനാതന ധർമ്മം സംരക്ഷിക്കാനെന്ന പേരിൽ സുപ്രീംകോടതി ചീഫ് ജസ്റ്റിസിന് നേരെ ഷൂ വലിച്ചെറിഞ്ഞ അഭിഭാഷകൻ ഒരു കുറ്റബോധവും ഇല്ലാതെ തലയുയർത്തി നിൽക്കുന്നത് സവർണ്ണതയുടെയും വർഗ്ഗീയരാഷ്ട്രീയത്തിന്റെയും ബലത്തിലാണ്. ഇതൊരു സൂചനയാണ്. സ്വന്തം ആശയപരിസരങ്ങളിൽ നിന്ന് ഭിന്നമായി ആരെങ്കിലും സംസാരിച്ചാൽ അവരെ ആക്രമിക്കുകയോ ഇല്ലാതാക്കുകയോ ചെയ്യുന്ന നിഷ്കാസനത്തിന്റെ രാഷ്ട്രീയം ഇന്ത്യ ഭരിക്കുന്ന ഇക്കാലത്ത് അതിന്റെ അലയൊലികൾ കേരളത്തിലും എത്തിക്കഴിഞ്ഞു. ഓരോ സംസ്ഥാനത്തും അനുയോജ്യമായ രാഷ്ട്രീയ നയങ്ങൾ നടപ്പിലാക്കാൻ ശ്രമിക്കുന്ന സംഘപരിവാർ കേരളത്തിലെ വിദ്യാഭ്യാസ മേഖലയെയാണ് കേന്ദ്രീകരിക്കുന്നത്.

നവോത്ഥാനത്തിന്റെ ആശയങ്ങൾ ഉൾക്കൊണ്ട് വികസിച്ച കേരളത്തിലെ വിദ്യാഭ്യാസ മേഖലയിൽ ഒട്ടാകെ വിഭാഗീയതയും സ്വകാര്യവത്കരണവും കമ്പോളവത്കരണവും വ്യാപിപ്പിക്കാൻ ശ്രമിക്കുന്ന സംഘപരിവാർ വിദ്യാലയങ്ങളിൽ നിലനിൽക്കുന്ന മതസൗഹാർദ്ദത്തെയും ജനാധിപത്യ അന്തരീക്ഷത്തെയും പാഠ്യപദ്ധതിയെയും തകർക്കുന്ന രീതിയിൽ മുന്നോട്ടു പോകുന്നു.

ഗുണനിലവാരമുള്ള പൊതു ഉന്നതവിദ്യാഭ്യാസ മേഖലയെന്ന കേരള സർക്കാരിന്റെ വീക്ഷണം നടപ്പാക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുന്ന, NIRF റാങ്കിങ്ങിൽ ഉയർന്ന ശ്രേണിയിലുള്ള കേരളത്തിലെ സർവകലാശാലകളെ കാവിവത്കരിക്കാനും സർവകലാശാലാ സംവിധാനത്തെ ശിഥിലമാക്കാനും അതുവഴി ഏകീകൃതവും സങ്കുചിതമായ ഒരു ഘടനയിലേയ്ക്ക് നയിക്കുവാനും സംഘപരിവാർ നടത്തുന്ന പ്രകടനങ്ങൾ അങ്ങേയറ്റം പരിഹാസ്യമാണ്. ഗവർണർ എന്ന ആലങ്കാരിക പദവി ദുർവിനിയോഗം ചെയ്തുകൊണ്ട് സംഘപരിവാർ രാഷ്ട്രീയ നയങ്ങൾ പിന്തുടരുന്ന വിസിമാരെ സർവകലാശാലകളിൽ നിയമിക്കുന്ന രീതിയാണ് കേരളത്തിലുള്ളത്. വിദ്യാർത്ഥികൾക്കും അധ്യാപകർക്കും പൊതുജനങ്ങൾ

ക്കും ദോഷകരമായ രീതിയിൽ സർവകലാശാല ചട്ടങ്ങളെ മറികടന്ന് സ്വന്തം രാഷ്ട്രീയ താത്പര്യം നടപ്പാക്കുവാൻ ഉള്ള വെറും ഉപകരണങ്ങൾ മാത്രമായി സർവകലാശാലകളെ കാണുന്നു. ഇതിനുപരിയായി ഒരു വിദ്യാഭ്യാസ പ്രവർത്തനവും നടക്കണമെന്ന ലക്ഷ്യം അവർക്കില്ല.

ഇന്ത്യയിലെ തന്നെ ഏറ്റവും മികച്ച സർവ്വകലാശാലയായി വിവിധ ഏജൻസികൾ സാക്ഷ്യപ്പെടുത്തിയ കേരള സർവ്വകലാശാലയെ ചാൻസലർ - വൈസ് ചാൻസലർ - സംഘപരിവാർ ത്രയം തങ്ങളുടെ പോക്കറ്റ് സർവ്വകലാശാല ആക്കി മാറ്റാനുള്ള നീക്കമാണ് ഇപ്പോൾ തുടരുന്നത്. താൽക്കാലിക വൈസ് ചാൻസലർ നൽകിയ പേരുകളാണ് ഇപ്പോൾ ഡീൻ നാമനിർദ്ദേശമായി ചാൻസലർ പുറത്തിറക്കിയിട്ടുള്ളത്. ഫാക്കൽട്ടി, പഠന ബോർഡുകൾ, അക്കാദമിക് കൗൺസിൽ എന്നീ സമിതികളുടെ മേലുള്ള കടന്നുകയറ്റമാണ് ഡീൻ നോമിനേഷനിലൂടെ തൽപരകക്ഷികൾ ആയ വൈസ് ചാൻസലറും ചാൻസലറും ലക്ഷ്യമിടുന്നത്.

കേരളത്തിൽ നിലനിൽക്കുന്ന ജനാധിപത്യാന്തരീക്ഷത്തെ ഇല്ലാതാക്കുവാനും ജാതി- മത ധ്രുവീകരണം നടത്തി അതിലൂടെ രാഷ്ട്രീയവും സാമ്പത്തികവുമായ ലാഭങ്ങൾ കൊയ്യുവാനുമുള്ള സംഘപരിവാർ ഉദ്ദേശ്യങ്ങൾ തെരഞ്ഞെടുപ്പ് പ്രക്രിയയിൽ വരെ പ്രതിഫലിക്കുന്നു. കേരളം ഉൾപ്പെടെയുള്ള സംസ്ഥാനങ്ങളിൽ വോട്ടർ പട്ടികയിൽ പ്രത്യേക തീവ്ര പുനഃപരിശോധന (എസ് ഐ ആർ) നടപ്പാക്കുമെന്ന കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷന്റെ പ്രഖ്യാപനത്തെ ഈ നിലയിലാണ് കാണേണ്ടത്. പ്രണോയ് റോയ് നടത്തിയ പഠനത്തിൽ ഇന്ത്യയിലെ ഓരോ മണ്ഡലത്തിൽ നിന്നും നാല്പതിനായിരം സ്ത്രീ വോട്ടർമാർ പുറത്താക്കപ്പെടുന്നുണ്ട് എന്ന അപകടകരമായ റിപ്പോർട്ട് ആണ് വന്നിട്ടുള്ളത്. സ്ത്രീവിരുദ്ധമായ മതരാഷ്ട്രനിർമ്മാണത്തിലേയ്ക്കുള്ള വഴികൾ ആണ് ഇതെല്ലാം. പൗരത്വം വീണ്ടും വിഷയമായി വരുന്നു.

'സഹകരണ ഫെഡറലിസം ' എന്ന വ്യവസ്ഥയിൽ സംസ്ഥാന സർക്കാരുകൾക്ക് ലഭിച്ചിരുന്ന അഡ്വാൻസ് തുകകളും അതിന്റെ വിനിയോഗം സംബന്ധിച്ച സാമ്പത്തിക സ്വയംഭരണവും ഇല്ലാതാക്കിക്കൊണ്ട് കേന്ദ്രം നടപ്പാക്കിയ "സാമ്പത്തിക - സാങ്കേതിക ചട്ടക്കൂട്" യഥാർത്ഥത്തിൽ മറച്ചുവയ്ക്കപ്പെട്ട ഒരു തന്ത്രമാണ്. സംസ്ഥാനങ്ങളെ എല്ലാ രീതിയിലും കേന്ദ്രഗവൺമെന്റിന്റെ നിയന്ത്രണത്തിൽ വരുത്താനുള്ള രാഷ്ട്രീയ നീക്കം. സംസ്ഥാനങ്ങളുടെ ട്രഷറി സോഫ്റ്റ്‌വെയറായ IFMS (ഇന്റഗ്രേറ്റഡ് ഫിനാൻഷ്യൽ മാനേജ്മെന്റ് സിസ്റ്റം)-നെ കേന്ദ്രത്തിന്റെ മാസ്റ്റർ കൺട്രോൾ സോഫ്റ്റ്‌വെയറായ PFMS (പബ്ലിക് ഫിനാൻഷ്യൽ മാനേജ്മെന്റ് സിസ്റ്റം)-മായി നിർബന്ധിതമായി ലയിപ്പിച്ചത് ഇത്തരം ആസൂത്രിതമായ നീക്കങ്ങളുടെ ഫലമായാണ്.

**കേരളത്തിൽ നിലനിൽക്കുന്ന ജനാധിപത്യാന്തരീക്ഷത്തെ ഇല്ലാതാക്കുവാനും ജാതി- മത ധ്രുവീകരണം നടത്തി അതിലൂടെ രാഷ്ട്രീയവും സാമ്പത്തികവുമായ ലാഭങ്ങൾ കൊയ്യുവാനുമുള്ള സംഘപരിവാർ ഉദ്ദേശ്യങ്ങൾ തെരഞ്ഞെടുപ്പ് പ്രക്രിയയിൽ വരെ പ്രതിഫലിക്കുന്നു. കേരളം ഉൾപ്പെടെയുള്ള സംസ്ഥാനങ്ങളിൽ വോട്ടർ പട്ടികയിൽ പ്രത്യേക തീവ്ര പുനഃപരിശോധന (എസ് ഐ ആർ) നടപ്പാക്കുമെന്ന കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷന്റെ പ്രഖ്യാപനത്തെ ഈ നിലയിലാണ് കാണേണ്ടത്.**

ഇത്തരം പ്രതികൂല സാഹചര്യങ്ങൾ നിലനിൽക്കുന്ന സന്ദർഭത്തിലും പ്രതീക്ഷയ്ക്ക് വക നൽകുന്ന കാര്യങ്ങൾ ലോകത്ത് സംഭവിക്കുന്നുണ്ട്. യൂറോപ്പിലെ വലതുപക്ഷ ശക്തികളെ മുഴുവൻ വെല്ലുവിളിച്ചുകൊണ്ട് ഇടത് പാർട്ടികളുടെ പിന്തുണയോടെ വിജയിച്ച കാതറിൻ കൊണോളി അയർലൻഡ് പ്രസിഡന്റ് ആയി സ്ഥാനമേൽക്കുന്നത് അതിലൊന്നാണ്.

എകെപിസിടിഎ വിവിധ ഉപസമിതികളുടെ സജീവമായ പ്രവർത്തനങ്ങളിലൂടെ അക്കാദമികമായും സാങ്കേതികമായും സർക്കാരിന്റെ നവകേരള സങ്കല്പങ്ങളോടൊപ്പം ചരിക്കുന്ന രീതിയാണ് തുടർന്നു വരുന്നത്. ജനാധിപത്യപരമായ അക്കാദമിക അന്തരീക്ഷം സംരക്ഷിക്കപ്പെടേണ്ടത് കേരള സമൂഹത്തിന്റെ ആവശ്യമാണ്.

നിലവിൽ കേരളത്തിലെ ഇടതുപക്ഷ സർക്കാർ ഇത്തരം പ്രതിസന്ധികളെ സാമ്പത്തികമായും സാമൂഹികമായും രാഷ്ട്രീയമായും മറികടക്കുന്നത് ലോകത്തിന് തന്നെ മാതൃകയാവുന്ന രീതിയിൽ ഉള്ള ജനപക്ഷ സാമ്പത്തിക നയങ്ങൾ ആവിഷ്കരിച്ചുകൊണ്ടാണ്. ഇന്ത്യയിലെ ആദ്യത്തെ അതിദാരിദ്ര്യമുക്ത സംസ്ഥാനമായി കേരളത്തെ പ്രഖ്യാപിച്ചുകൊണ്ടുള്ള മുഖ്യമന്ത്രിയുടെ പ്രഖ്യാപനം മതേതര ജനാധിപത്യ സംവിധാനത്തിൽ പുലരുന്ന ഒരു സംസ്ഥാനത്തിന്റെ രാഷ്ട്രീയ വിജയമാണ്. ഐക്യകേരളത്തിന്റെ അറുപത്തിയൊൻപതാം വർഷത്തിലാണ് ഈ പ്രഖ്യാപനം വന്നത്. നവകേരളം എന്ന ആശയം പ്രായോഗിക തലത്തിലേക്ക് എത്തിക്കഴിഞ്ഞു. ക്ഷേമപെൻഷൻ, ശമ്പളം എന്നിവയുടെ വർധന, തൊഴിലന്വേഷകർക്കും സ്ത്രീകൾക്കും കുടുംബശ്രീയ്ക്കും ലഭിച്ച സാധ്യതകൾ, അദ്ധ്യാപകർക്ക് 4% ഡിഎ, വിരമിച്ചവരുടെ ഡിആർ വർധന എന്നിവ ജനക്ഷേമകരമായി ഇടപെടുന്ന ഒരു സർക്കാരിന്റെ അതിജീവനത്തെയാണ് കാണിക്കുന്നത്. അനീതിയ്ക്കും അധീശത്വത്തിനും എതിരെയുള്ള പോരാട്ടങ്ങൾ അവസാനിക്കുന്നില്ല. ■

ഡോ. എൻ. രേണുക
അസോസിയേറ്റ് പ്രൊഫസർ, എൻഎസ്എസ് കോളജ്, ചേർത്തല

# വയലാർ ഗാനങ്ങളിലെ മതാതീത ഭാവനകൾ

അനുഷ്ഠാനബദ്ധമായ മൂല്യസംഹിത എന്ന നിലയിലാണ് മതം പൊതുവെ വ്യവഹരിക്കപ്പെട്ടുന്നത്. അനുഭൂതിയുടെ ചരിത്രത്തിൽ പലതരത്തിലുള്ള ബിംബഭാവനകൾ ചിതറിക്കിടക്കുന്നുണ്ട്. ഒരു ദേശത്തിന്റെ അബോധത്തിൽ ആഴത്തിൽ വേരോടിയിട്ടുള്ള ആചാരാനുഷ്ഠാനങ്ങളുടെ ദൃശ്യചാരുതകൾ അവിടെയുള്ള വാമൊഴി വരമൊഴി രൂപങ്ങളിൽ ഉണ്ടാകും. ഭാവനയെ പ്രചോദിപ്പിക്കുന്ന ഘടകങ്ങളിൽ ഇത്തരം മതാത്മക ബിംബങ്ങൾക്ക് വലിയ പ്രാധാന്യമുണ്ട്. എന്നാൽ ഭാവനയെ അടച്ചുകളയാൻ മാത്രമുള്ള സങ്കുചിതത്വവും മതത്തിന്റെ പരിമിതിയാണ്. അതിരുകടന്ന മതഭാവനകളുമായി ബന്ധപ്പെട്ട് ജാതീയത, വിഭാഗീയ ചിന്ത, സദാചാര സങ്കല്പങ്ങൾ എന്നിങ്ങനെ അനേകം ചെറുഘടകങ്ങളും ഭാവനയെ രൂപപ്പെടുത്തും. കാവ്യഭാവനയെ സംബന്ധിച്ചിടത്തോളം ഇത്തരം സ്വാധീനഘടകങ്ങളുടെ സന്നിവേശം അത്യന്തം സൂക്ഷ്മവും സങ്കീർണ്ണവുമായിരിക്കും.

വയലാറിന്റെ കാവ്യജീവിതത്തെക്കുറിച്ചും നാടക-സിനിമാ ഗാനങ്ങളെക്കുറിച്ചും അനേകം അക്കാദമിക് പഠനങ്ങളും ജനകീയ വിശകലനങ്ങളും വന്നു കഴിഞ്ഞു. ഗാനശാഖയെയും കാവ്യശാഖയെയും രണ്ടായിത്തന്നെ പരിഗണിക്കുന്ന രീതിയാണ് അഭികാമ്യമായിട്ടുള്ളത്. ഒ.എൻ.വി ഇവയെ രണ്ടു പ്രസ്ഥാനങ്ങളായിത്തന്നെ കണ്ട് അപഗ്രഥിച്ചിരുന്നു. സഞ്ചിതസ്മൃതിയുടെ വാങ്മയ രൂപങ്ങളായി ഗാനശാഖയെ ചിത്രീകരിച്ചിട്ടുണ്ട്. എഴുത്ത് രീതികൾ പോലും ഭിന്നമാണ്. സങ്കുചിത ഭാവനകളെ ഉപേക്ഷിച്ച് സ്ഥലകാലങ്ങളിലേയ്ക്ക് പടരുന്ന താളബദ്ധവും വൈകാരികവും ദേശാന്തരങ്ങളുടെ കലർപ്പോടു കൂടിയതുമായ ഗാനങ്ങൾ ഏതുകാലത്തും അനുവാചകരെ സ്വകാര്യമായ അനുഭൂതിമണ്ഡലങ്ങളിലേയ്ക്ക് വിമോചിപ്പിക്കും. അത് ഭൗമികതയെ അതിജീവിച്ചുപോകുന്ന ഭാവനാ ലോകമാണ്. ഒരു പക്ഷേ എഴുത്തിന്റെയും വായനയുടെയും വിമോചനസ്ഥലമായി എന്നും നിലനിൽക്കുന്ന ഈ അലൗകിക ഭാവന സങ്കേതങ്ങളിലും ഭാവനയിലും സമന്വയിച്ചത് വയലാറിന്റെ ഗാനങ്ങളിലായിരിക്കും. അതുകൊണ്ടാണ് നിത്യഹരിതയായ ഭൂമിയിൽ മാനസസരസ്സുകളെയും സ്വപ്നങ്ങളെയും പുഷ്പങ്ങളെയും സ്വപ്നമരാളങ്ങളെയും അന്വേഷിക്കാൻ വയലാറിന്റെ ഭാവനയ്ക്ക് കഴിഞ്ഞത്. അതൊരു സമാന്തര ജീവിതമാണ്. ഭാവനയിലൂടെ ജീവിതത്തിൽ എത്തിച്ചേരാൻ കഴിയുന്ന ഭാവനാലോകങ്ങൾ.അതിനടിയിൽ ലോലമായ വികാരങ്ങൾ മാത്രമല്ല ഉള്ളത്. മഹാദുരന്തങ്ങൾ നേരിട്ട മനുഷ്യസമൂഹങ്ങളിൽ നിന്നാണ് ഉദാത്തമായ ഭാവനകളും രൂപപ്പെട്ടിട്ടുള്ളത്. മതാന്ധതകളെയും സങ്കുചിതദേശാതിർത്തികളെയും ഉല്ലംഘിച്ചു പോകുന്ന മനുഷ്യകേന്ദ്രിത സങ്കല്പങ്ങളും ആർദ്രതയും ഇച്ഛാശക്തിയും ആണ് അതിനടിസ്ഥാനം.നവോത്ഥാന കാലത്ത് മനുഷ്യൻ എന്ന ജീവിവർഗ്ഗത്തോട് സമഭാവനയോടെ സംവദിച്ച ഗാനശാഖയായി നാടക-ചലച്ചിത്ര ഗാനങ്ങളെ പരിഗണിക്കേണ്ടതുണ്ട്.

വയലാർ ഭാവനകൾ വിഹരിക്കുന്ന അതീന്ദ്രിയലോകങ്ങളെക്കുറിച്ച്




പറയുന്നതിനൊപ്പം ഭൂമിയിലെ സാധാരണ മനുഷ്യരുടെ ലോകങ്ങളെക്കുറിച്ചും ധാരാളം വായനകൾ നടന്നിട്ടുണ്ട്. അതിതീവ്രമായ യാഥാർത്ഥ്യങ്ങളുടെ ഉൾക്കയങ്ങളിൽ നിന്നുമാണ് വയലാർഗാനങ്ങളുടെ മാസ്മരികാനുഭൂതികൾ രൂപപ്പെട്ടത്.ഈ ഭൂമിയിലെ തീരങ്ങളിൽ തന്നെയാണ് പുനർജന്മങ്ങളും ഭാവന ചെയ്തത്. പുതിയ മനുഷ്യൻ, പുതിയ ലോകം, പുതിയ വെളിച്ചം. നവോത്ഥാനത്തിന്റെ വെളിച്ചം ദൂരദൂരം പ്രസരിക്കുന്ന ഗാനങ്ങളിലേയ്ക്ക് ചേക്കേറുന്ന ഒരു തുമ്പി പോലും മനുഷ്യവ്യഥയുടെ വാഹകനോ വാഹകയോ ആണ്.


കേരളത്തിന്റെ സാംസ്കാരിക ഭൂമിശാസ്ത്രവുമായി ബന്ധപ്പെട്ടുകൊണ്ടാണ് വയലാറിന്റെ ചലച്ചിത്രഗാനങ്ങളിലെ ബിംബങ്ങളെല്ലാം രൂപപ്പെട്ടിട്ടുള്ളത്. ദൃശ്യസംസ്കാരത്തിന്റെ സാധ്യതകളെ പൂർണ്ണമായും ഉപയോഗിച്ചുകൊണ്ടാണ് ടാഗോറിലെന്ന പോലെ അനന്തവിഹായസ്സുകൾ പോലും വയലാർ ഗാനങ്ങളിൽ പ്രതിഫലിച്ചത്. മനുഷ്യന്റെ ഇച്ഛാശക്തിയും ദാരിദ്ര്യവും പ്രണയസംഘർഷങ്ങളും കാമനകളും അനാഥത്വവും ഏകാന്തതയും സ്വപ്നഭൂമികളും മാത്രമാണ് വയലാർഭാവനയുടെ കൈമുതൽ. അത് ആകാശനീലിമയിലൂടെയും ശൂന്യമായ ചക്രവാളങ്ങളിലൂടെയും നാട്ടുവഴികളിലൂടെയും ആമ്പൽപ്പൊയ്കയിലൂടെയും അമ്പലക്കുളത്തിലൂടെയും മേട്ടിറമ്പുകളിലൂടെയും ഒരേ ആവേഗത്തിൽ സഞ്ചരിച്ചുപോയി. മത്സ്യഗന്ധിയായ ജീവിതങ്ങളുടെ  സ്വപ്നവിസ്തൃതികളിലേയ്ക്ക് പുഷ്പകത്തോണിയും ചന്ദനത്തോണിയുമേറിപ്പോയി. പാതിരാപ്പന്തലും പഞ്ചമിത്തളികയും മാനസപ്പൊയ്കകളും മായാദ്വീപുകളും സന്ദർശിച്ചു മടങ്ങി. അതൊരു മനുഷ്യദർശനമാണ്. കഠിനയാതനകൾ അനുഭവിക്കുന്നവരിൽ മാത്രമേ തീക്ഷ്ണമായ ഭാവനകളും സ്വപ്നങ്ങളും ഉണ്ടാകൂ എന്ന ദർശനം. മനുഷ്യരുടെ അവസാനത്തെ അഭയവും ഈ ഭാവനകൾ തന്നെ. പെരിയാറും ഞാറ്റുവേലക്കുളിരും ഒലീവിലകളും കതിരുകാണാക്കിളികളും മണിമുകിലുകളും സൂര്യകാന്തിയും പച്ചക്കുതിരയും ഞാലിപ്പൂവൻ പഴവുമെല്ലാം വയലാർ സമ്മാനിച്ച ബദൽരൂപകങ്ങളാണ്. മതാതീത ഭാവനയുടെ പ്രതീകഭാഷകൾ. മനുഷ്യരോട് അവരുടെ സ്വപ്നങ്ങളെക്കുറിച്ച് സംസാരിക്കുവാൻ ദേശഭാവനകളും പ്രകൃതിസൂചകങ്ങളും മതി എന്ന് വയലാർ വിശ്വസിച്ചു. വിഷാദാർദ്രമായ ഗീതങ്ങളിലെല്ലാം ഒരു തേടലും തേങ്ങലുമുണ്ട്. നിതാന്തമായ കാത്തിരിപ്പായി ജീവിതത്തെ നോക്കിക്കാണുന്നു. യാത്രകളും നഗരങ്ങളും പുതിയ അനുഭവങ്ങളും അതിൽ കലരുന്നു. വയലാറിന്റെ ആദ്യഗാനങ്ങളിലൊന്നായ 'തുമ്പീ തുമ്പീ വാ വാ' എന്ന പാട്ട് ഏത് പ്രായത്തിൽ കേൾക്കുമ്പോഴും നഗരാനുഭവങ്ങൾക്കൊപ്പം അനാഥത്വത്തിന്റെയും ഉപേക്ഷയുടെയും കാത്തിരിപ്പിന്റെയും സ്വപ്നഭംഗങ്ങളുടെയും മഹാവ്യഥ വന്ന് മൂടും. ബാലഭാവനകളുടെ ലോകത്തിലും നാടോടിക്കഥകളുടെ അത്ഭുതലോകത്തിലും മനുഷ്യനെ മാത്രമാണ് തിരഞ്ഞത്. മതാത്മക മനുഷ്യസങ്കല്പങ്ങൾക്കെതിരെ ബോധപൂർവ്വം ധാരാളം പാട്ടുകൾ വയലാർ എഴുതിയിട്ടുണ്ട്.

**മതങ്ങൾ മനസ്സിന്റെ ജാലകങ്ങളെ അടയ്ക്കുമെന്ന് ഭയന്ന ഗാനരചയിതാവും കവിയുമായിരുന്നു വയലാർ രാമവർമ്മ. ഒരേ പൂവിന്റെ നാനാവർണ്ണദലങ്ങളായും ആദിനാദം പാടിയുണർത്തിയ രാഗം താനം പല്ലവിയായും മനുഷ്യനെ ഭാവന ചെയ്യുന്നതിനാൽ വിശ്വമാനവികതയുടെ തലത്തിലേയ്ക്ക് ജനങ്ങളെ ഉയർത്തിയ ഗാനരചയിതാവായി വയലാർ കാലം കടന്നു പോകുന്നു.**

മതങ്ങൾ മനസ്സിന്റെ ജാലകങ്ങളെ അടയ്ക്കുമെന്ന് ഭയന്ന ഗാനരചയിതാവും കവിയുമായിരുന്ന വയലാർ രാമവർമ്മ. ഒരേ പൂവിന്റെ നാനാവർണ്ണദലങ്ങളായും ആദിനാദം പാടിയുണർത്തിയ രാഗം താനം പല്ലവിയായും മനുഷ്യനെ ഭാവന ചെയ്യുന്നതിനാൽ വിശ്വമാനവികതയുടെ തലത്തിലേയ്ക്ക് ജനങ്ങളെ ഉയർത്തിയ ഗാനരചയിതാവായി വയലാർ കാലം കടന്നു പോകുന്നു. ■



Dr. Anisha N.
SN College, Varkala



# Oblivion

Blood stains deeply
with the sighs of a heart,
yearning for a garb
to hide within from a world
so sullied by trivial pride.

I wonder how blood thickens
more than water!
Foolish words still echo
in the fathoms of my soul,
saddened by the memories
I once held in the
long-lost childhood.

A far cry for oblivion-
Alas, everything dissolves,
save the twilight hours:
a child waiting with
tiny shards of sweetness
and the salt-kissed pebbles
she gathered from the shore.

Now years have unfolded
upon themselves-
a shadow stirred into
the hues of the horizon.
In the feathers of darkness,
the clouds lie heavy and soft.

Tears welled, and memory spilled
only to scatter me again
among a world too wild to choose.

The thorns I once bore as a tiara
fell within the ashes of dead hopes.
The letters deceived me, still
the ink seeps through the veins.

I rejoice in the strange ecstasy
of burning myself down to embers.
And in the abandonment,
I whisper now: 'take me home,
to the innocent vanity of oblivion'.

ഡോ. വൈശാഖൻ തമ്പി
മഹാത്മാഗാന്ധി കോളേജ്, തിരുവനന്തപുരം

# കാലാവസ്ഥാപ്രവചനം: സാധ്യതയും വെല്ലുവിളികളും

കാലാവസ്ഥയെ മുൻകൂട്ടി കാണാനുള്ള ശ്രമത്തിന്, രേഖപ്പെടുത്തപ്പെടുന്ന മനുഷ്യചരിത്രത്തോളം തന്നെ പഴക്കമുണ്ട്. ഇന്നത്തെ കാലാവസ്ഥാപ്രവചനം, അന്തരീക്ഷത്തിന്റെ വർത്തമാനസമയത്തെ സൂചകങ്ങൾ (താപനില, മർദ്ദം, ആർദ്രത, എന്നിങ്ങനെ) അളന്ന്, അതിനെ ഭൗതികനിയമങ്ങളുടെ അടിസ്ഥാനത്തിൽ അപഗ്രഥിച്ച്, ഭൂതകാലത്തെ അന്തരീക്ഷസ്ഥിതിയുമായി താരതമ്യം ചെയ്തും കംപ്യൂട്ടർ മോഡലിങ് ചെയ്തുമൊക്കെയാണ് സാധിക്കുന്നത്. പക്ഷേ അന്തരീക്ഷസൂചകങ്ങളെ അളക്കുന്നതിനുള്ള ഉപകരണങ്ങൾ വരുന്നതിനും മുൻപ്, അന്തരീക്ഷസ്ഥിതിയിലെ പാറ്റേണുകൾ മനസ്സിലാക്കി, ഭാഗികമായി മുൻകൂട്ടി പ്രവചിക്കാനുള്ള വഴികൾ ഉണ്ടായിരുന്നു.  ചില നിരീക്ഷണങ്ങളോ, പ്രതിഭാസങ്ങളോ ഒക്കെ തെളിഞ്ഞ അന്തരീക്ഷത്തിന്റെ മുൻസൂചനകളായും, മറ്റ് ചിലവ പ്രക്ഷുബ്ധമാകാൻ പോകുന്ന അന്തരീക്ഷത്തിന്റെ മുൻസൂചനകളായും പണ്ടുള്ളവർ തിരിച്ചറിഞ്ഞിരുന്നു. മരങ്ങളുടെ ഇലച്ചാർത്തുകളിലെ മാറ്റം, പക്ഷികളുടെ പെരുമാറ്റം എന്നിങ്ങനെ പലതും കാലാവസ്ഥാസൂചകങ്ങളായി ഉപയോഗിക്കപ്പെട്ടിട്ടുണ്ട്. അവയിൽ ചിലതൊക്കെ ശരിയായ പ്രവചനങ്ങൾക്ക് സഹായിച്ചിരുന്നു എങ്കിലും അത്തരം പരമ്പരാഗതവിജ്ഞാനങ്ങളെ അതേപടി മുഖവിലയ്ക്കെടുക്കാൻ കഴിയില്ല. അവയിൽ പലതിനും സാർവത്രികമായ സ്വഭാവമുണ്ടായിരുന്നില്ല എന്നതും, അത് കണ്ടെത്തപ്പെട്ടത് ശാസ്ത്രീയമായ രീതിയിലൂടെ അല്ല എന്നതുമൊക്കെ കാരണങ്ങളാണ്.

ശാസ്ത്രം പാരിമാണികമായിട്ടാണ് (quantitative) ഈ വിഷയത്തെ കൈകാര്യം ചെയ്യുന്നത്. അന്തരീക്ഷസൂചകങ്ങളെ പരമാവധി കൃത്യതയോടെ അളക്കുന്നതിന് ഉപകരണങ്ങൾ വികസിപ്പിക്കപ്പെട്ടിട്ടുണ്ട്. അവയിൽ നിന്നുള്ള വിവരങ്ങൾ അപഗ്രഥിച്ച് ഭാവി അന്തരീക്ഷസ്ഥിതി മുൻകൂട്ടി കണക്കാക്കാനുള്ള കംപ്യൂട്ടർ സാങ്കേതികവിദ്യകൾ ഇന്നുണ്ട്. അതുകൊണ്ട്, ഇന്ന് മരക്കൊമ്പോ  ചേക്കേറുന്ന പക്ഷികളോ അല്ല, വെബ്സൈറ്റുകളും ടീവി റിപ്പോർട്ടുകളുമൊക്കെയാണ് നമുക്ക് കാലാവസ്ഥാ മുൻസൂചനകൾ തരുന്നത്. എന്നാൽ ശാസ്ത്രീയമായ രീതിയിലൂടെയുള്ള കാലവസ്ഥാ പ്രവചനത്തിന് പഴക്കം വളരെ കുറവാണ്. അതിന് കാരണം, അന്തരീക്ഷത്തിന്റെ പല ഭാഗങ്ങളുടെ സ്ഥിതി ഒരുമിച്ച് കണക്കിലെടുത്ത് താരതമ്യം ചെയ്തുവേണം അന്തരീക്ഷം എങ്ങനെ പരിണമിക്കും എന്ന് കണക്കാക്കാൻ എന്നതായിരുന്നു.

ഇന്നത്തെ ഏറ്റവും പ്രധാനമായ കാലാവസ്ഥാപ്രവചനരീതി മോഡലുകളെ അടിസ്ഥാനപ്പെടുത്തിയുള്ളതാണ്. മോഡലുകൾ എന്നത് സാധാരണവാക്കാണെങ്കിലും, ഇവിടെ അത് ഒരു സവിശേഷ അർത്ഥത്തിൽ ഉപയോഗിക്കപ്പെടുന്ന ഒരു സാങ്കേതികപദമാണ്. അന്തരീക്ഷത്തിന്റെ വിവിധ സൂചകങ്ങൾ പരസ്പരം എങ്ങനെ പ്രതിപ്രവർത്തിക്കുന്നു എന്ന് വിശദീകരിക്കുന്ന ഗണിതസമവാക്യങ്ങളാണ് കാലാവസ്ഥാമോഡലുകൾ എന്ന് ലളിതമായി പറയാം. അന്തരീക്ഷാവസ്ഥ

വല്ലാതെ ചലനാത്മകമായതുകൊണ്ട് തന്നെ ഈ സമവാക്യങ്ങളും സങ്കീർണമായവയാണ്. ഇവയുടെ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന ഇന്നത്തെ ഏറ്റവും ഫലപ്രദമായ കാലാവസ്ഥാപ്രവചന സങ്കേതമാണ് ന്യൂമെറിക്കൽ പ്രവചനം (Numerical forecast). അന്തരീക്ഷത്തിന്റെ ഗതിവിഗതികളെ നിയന്ത്രിക്കുന്ന ഭൗതികനിയമങ്ങളെ കൃത്യമായി മനസ്സിലാക്കിയ ശേഷമാണ് ഈ രീതിയെക്കുറിച്ച് ചിന്തിക്കാൻ തുടങ്ങിയത്  എന്നതുകൊണ്ട് തന്നെ അത് ഇരുപതാം നൂറ്റാണ്ടിൽ മാത്രമാണ് സാധ്യമായത്. 1920-കളിൽ പരീക്ഷിച്ചുതുടങ്ങിയതാണെങ്കിലും, ന്യൂമെറിക്കൽ കണക്കുകൂട്ടലുകളുടെ അടിസ്ഥാനം ശക്തമായ കംപ്യൂട്ടിങ് ശേഷിയുള്ള കംപ്യൂട്ടറുകളായതിനാൽ 1950-കളോടെയൊക്കെയാണ് ഇത് ഫലപ്രദമായി പ്രയോഗിക്കാൻ കഴിഞ്ഞത്.

അന്തരീക്ഷവും സമുദ്രങ്ങളും ഓരോ നിമിഷവും പരസ്പരം പ്രതിപ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. ഓരോ തന്മാത്രയുടേയും ചലനം അതിലൊരു പങ്ക് വഹിക്കുന്നുണ്ട്. നമ്മൾ കാണുന്ന പ്രതിഭാസങ്ങളും, നമ്മൾ അനുഭവിക്കുന്ന അവസ്ഥകളുമൊക്കെ ആത്യന്തികമായി ഈ കണികകളുടെ പ്രതിപ്രവർത്തനങ്ങളുടെ ആകെത്തുകയാണ്. പറഞ്ഞുവരുമ്പോൾ കോടാനുകോടി കണികകളാണ് ഇങ്ങനെ പരസ്പരം പ്രതിപ്രവർത്തിക്കുന്നത്. അതുകൊണ്ട് തന്നെ അതെത്ര സങ്കീർണമാണെന്ന് ഊഹിക്കാൻ പോലും പ്രയാസമായിരിക്കും. പക്ഷേ അപ്പോഴും അവ അനുസരിക്കുന്നത്, നമുക്കറിയാവുന്ന, നിർവചിക്കാവുന്ന ചില ഭൗതികനിയമങ്ങളാണെന്നതും സത്യമാണ്. കണികകളുടെ സ്വഭാവവും അവയുടെ പരസ്പര പ്രതിപ്രവർത്തനത്തെ നിയന്ത്രിക്കുന്ന നിയമങ്ങളും നമുക്കറിയാമെങ്കിൽ, അതുപയോഗിച്ച് ഓരോ സമയത്തും ഇവ എങ്ങനെ പെരുമാറും എന്ന് നമുക്ക് പ്രവചിക്കാൻ കഴിയേണ്ടതല്ലേ?


ഈ ചോദ്യത്തിന്റെ ഉത്തരം, സൈദ്ധാന്തികമായി അതേ എന്നതാണ്. പക്ഷേ പ്രായോഗികമായി അവിടെ ധാരാളം വെല്ലുവിളികളുണ്ട്. ഇന്ന്

**അന്തരീക്ഷവും സമുദ്രങ്ങളും ഓരോ നിമിഷവും പരസ്പരം പ്രതിപ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. ഓരോ തന്മാത്രയുടേയും ചലനം അതിലൊരു പങ്ക് വഹിക്കുന്നുണ്ട്. നമ്മൾ കാണുന്ന പ്രതിഭാസങ്ങളും, നമ്മൾ അനുഭവിക്കുന്ന അവസ്ഥകളുമൊക്കെ ആത്യന്തികമായി ഈ കണികകളുടെ പ്രതിപ്രവർത്തനങ്ങളുടെ ആകെത്തുകയാണ്.**

കാലാവസ്ഥാപ്രവചനത്തിൽ നാം നേരിടുന്നത് അത്തരം വെല്ലുവിളികൾ മാത്രമാണ് താനും. ന്യൂമെറിക്കൽ പ്രവചനം സത്യത്തിൽ നമ്മളീ പറഞ്ഞ രീതിയിൽ തന്നെയാണ് വിഭാവനം ചെയ്യപ്പെട്ടിരിക്കുന്നത്. പക്ഷേ ഓരോ കണികയേയും വെവ്വേറെ പരിഗണിച്ചാൽ ഉണ്ടാകാൻ പോകുന്നത്ര സങ്കീർണമായ കണക്കുകൂട്ടലുകൾ കൈകാര്യം ചെയ്യാൻ പറ്റിയ ഒരു കംപ്യൂട്ടർ അസാധ്യമാണെന്ന് തന്നെ പറയാം. അത്രയും വലിയ കംപ്യൂട്ടിങ് പവർ നിലവിൽ നമുക്ക് സങ്കല്പിക്കാവുന്നതിലും അപ്പുറമാണ്. ഇവിടെ കണക്കുകൂട്ടാൻ കഴിയുമോ എന്നതുമാത്രമല്ല, കഴിയുമെങ്കിൽ തന്നെ അതിന് എത്ര സമയം വേണ്ടിവരും എന്നതും നിർണായകമാണ് എന്നോർക്കണം. ഒരാഴ്ച കഴിയുമ്പോൾ അന്തരീക്ഷം എങ്ങനെ പെരുമാറും എന്നറിയാനുള്ള കണക്കുകൂട്ടലുകൾക്ക് ഒരു മാസം സമയമെടുക്കുമെങ്കിൽ അതുകൊണ്ട് പ്രയോജനമൊന്നുമില്ലല്ലോ.

ഓരോ കണികയേയും പിൻതുടരുന്നത് പ്രായോഗികമല്ല എന്നതിനാൽ, ന്യൂമെറിക്കൽ കണക്കുകൂട്ടലിൽ നമ്മൾ ചെയ്യുന്നത് അന്തരീക്ഷത്തെ കഷണങ്ങളായി തിരിച്ച് അവയോരോന്നിനേയും പിൻതുടരുക എന്നതാണ്. ഭൂമിയുടെ ഉപരിതലത്തെ ഒരു കിലോമീറ്റർ വശങ്ങളുള്ള സമചതുരങ്ങളാക്കി നമ്മൾ വീതിക്കുന്നു എന്ന് കരുതുക. അതായത് ഓരോ ചതുരശ്ര കിലോമീറ്റർ വിസ്തീർണമുള്ള സമചതുരങ്ങൾ. ഇതിൽ ഓരോ സമചതുരപ്രദേശത്തിനും മുകളിൽ ഒരു കിലോമീറ്റർ ഉയരമുള്ള അന്തരീക്ഷഭാഗത്തെ സങ്കല്പിച്ചാൽ, ഭൂമിയുടെ അന്തരീക്ഷത്തിന്റെ ഏറ്റവും താഴെയുള്ള പാളിയെ (ഉപരിതലത്തിൽ സ്പർശിക്കുന്ന ഭാഗം) ഒരു ഘന കിലോമീറ്റർ വ്യാപ്തമുള്ള ക്യൂബുകളായി തിരിച്ചിരിക്കുന്നു എന്ന് കാണാം. ഈ ക്യൂബുകളുടെ മുകളിലായി പിന്നേയും ഇതുപോലുള്ള ക്യൂബുകളെ സങ്കല്പിക്കാമല്ലോ അല്ലേ. അങ്ങനെ ട്രോപ്പോസ്ഫിയറിനെ മൊത്തം പരിഗണിച്ചാൽ ഏതാണ്ട് പതിനാറ് ക്യൂബുകൾ ഒന്നിന് മുകളിൽ ഒന്നായി അടുക്കിയിരിക്കുന്നതായി കണക്കാക്കാം. ചുരുക്കത്തിൽ, അന്തരീക്ഷത്തെ മൊത്തം ഒരു ഘനകിലോമീറ്റർ വ്യാപ്തമുള്ള ക്യൂബ് രൂപമുള്ള പാക്കറ്റുകളായി നമ്മൾ വീതിക്കുന്നു. ഇതുപോലെ, സമുദ്രനിരപ്പിന് താഴെ അടിത്തട്ട് വരെ ജലത്തേയും ഇതുപോലെ പാക്കറ്റുകളാക്കാം. വലിയ ജലാശയങ്ങളിലും ഇതാവർത്തിക്കാം.

ഇനി കണികകൾക്ക് പകരം ഈ പാക്കറ്റിലോരോന്നിലും നമ്മൾ ശ്രദ്ധ കൊടുക്കുന്നു. ഓരോ പാക്കറ്റിന്റേയും സൂചകങ്ങൾ ആ പാക്കറ്റിനുള്ളിലെ ഒരു കാലാവസ്ഥാസ്റ്റേഷൻ ഉപയോഗിച്ച് നമ്മൾ അളക്കുന്നു. അതായത്, ഓരോ പാക്കറ്റിന്റേയും താപനില, മർദ്ദം, ആർദ്രത, കാറ്റുദിശ, കാറ്റുവേഗത തുടങ്ങിയ സൂചകങ്ങളുടെ മൂല്യങ്ങൾ നമ്മൾ ശേഖരിക്കുന്നു. അത് തറനിരപ്പിലെ സ്റ്റേഷനുകളിൽ നിന്നാവാം, വിമാനങ്ങളിൽ നിന്നാകാം, വെള്ളത്തിൽ പൊങ്ങിക്കിടക്കുന്ന (weather buoys) സ്റ്റേഷനുകളിൽ നിന്നാവാം, അങ്ങനെ സാധ്യമായ എല്ലാ സ്രോതസ്സുകളിൽ നിന്നുമുള്ള ഡേറ്റയാണ്. ഇനി ഈ ഭീമമായ അളവിലുള്ള ഡേറ്റ ഒരു കംപ്യൂട്ടറിലേയ്ക്ക് നമ്മൾ കൊടുക്കുന്നു. സാങ്കേതികമായി 'ഇൻപുട്ട് ചെയ്യുന്നു' എന്ന് പറയാം. അതിനുള്ളിലെ പ്രോഗ്രാമിൽ, നമ്മൾ അന്തരീക്ഷപ്രതിഭാസങ്ങളെക്കുറിച്ച് മനസ്സിലാക്കിയിട്ടുള്ള നിയമങ്ങൾ



ഗണിതമോഡലുകളുടെ രൂപത്തിൽ നേരത്തേ ഉൾച്ചേർത്തിട്ടുണ്ട്. കം പ്യൂട്ടറിന് നമ്മൾ അകത്തേയ്ക്ക് കൊടുത്ത ഡേറ്റ, ഈ മോഡലുകളിൽ പ്രയോഗിച്ച്, അഞ്ച് സെക്കൻഡ് കഴിയുമ്പോൾ ഈ സൂചകങ്ങളുടെ മൂല്യം എന്താകും എന്ന് കണക്കാക്കാൻ കഴിയേണ്ടതല്ലേ? ഏറ്റവും ലളിതമായി പറഞ്ഞാൽ, ഇതാണ് ന്യൂമെറിക്കൽ കാലാവസ്ഥാ പ്രവചനം.

അഞ്ച് സെക്കൻഡ് കഴിഞ്ഞുള്ള പ്രവചനം കൊണ്ട് പ്രത്യേകിച്ച് പ്രയോജനമൊന്നുമില്ല എന്നുറപ്പാണ്. പക്ഷേ അഞ്ച് സെക്കൻഡ് കഴിഞ്ഞുള്ളത് എന്ന പ്രവചനമായി കംപ്യൂട്ടർ തരുന്ന ('ഔട്ട്പുട്ട് ചെയ്യുന്ന') ഈ സൂചകങ്ങൾ, പിന്നെയും അതേ മോഡലിലേയ്ക്ക് ഇൻപുട്ട് ആയി കൊടുത്താൽ പത്ത് സെക്കൻഡ് കഴിഞ്ഞുള്ള അവസ്ഥ ഔട്ട്പുട്ടായി കിട്ടും. ഈ പ്രക്രിയ ആവർത്തിച്ചാൽ, നിരന്തരമായ ആവർത്തനത്തിലൂടെ ഇതിനെ മുപ്പത് മിനിറ്റ്, ഒരു മണിക്കൂർ, ഒരു ദിവസം, ഒരു വർഷം എന്നിങ്ങനെ നീട്ടാം. പക്ഷേ പ്രയോഗത്തിലേയ്ക്ക് വരുമ്പോൾ ഇങ്ങനെ നീട്ടുന്നതുകൊണ്ട് കാര്യമൊന്നുമില്ല എന്നതാണ് പ്രശ്നം. കാരണം, നമ്മളിതുവരെ പരിഗണിക്കാത്ത, നിർണായകമായ ഒരു ഘടകം കൂടി അവിടെയുണ്ട്; കൃത്യതയുടെ അളവ്.

നമ്മൾ എന്ത് സൂചകം അളന്നെടുത്താലും, എന്ത് കണക്കുകൂട്ടൽ നടത്തിയാലും അതിന് ഒരു സഹജമായ കൃത്യതക്കുറവ് (uncertainty) ഉണ്ട്. ഉദാഹരണത്തിന് ഒരു ബുക്കിന്റെ വീതി സ്കെയിൽ ഉപയോഗിച്ച് 15.3 സെ.മീ. എന്ന് അളക്കുന്നു എന്നിരിക്കട്ടെ. എന്നാൽ കുറച്ചുകൂടി സങ്കീർണമായ മറ്റൊരു ഉപകരണം ഉപയോഗിച്ച് അളന്നപ്പോൾ 15.32 സെ.മീ. എന്നാണ് കിട്ടിയത് എന്നിരിക്കട്ടെ. അതുകൊണ്ട് 15.3 എന്നത് ഒരു 'തെറ്റായ' അളവെടുപ്പാകുന്നില്ല, പക്ഷേ കൃത്യത കുറഞ്ഞ അളവെടുപ്പാണ്. കൃത്യത എത്രത്തോളം കൂട്ടാം എന്ന ചോദ്യത്തിന് സാഹചര്യത്തിന് അനുസരിച്ച് എന്നേ മറുപടിയുള്ളൂ. കാരണം കൃത്യതക്കുറവ് പൂജ്യമാകുന്ന ഒരു അവസ്ഥ സാധ്യമല്ല. ജനാലയ്ക്ക് വാതിൽ പിടിപ്പിക്കുമ്പോൾ വേണ്ട കൃത്യത പോരാ, ഒരു മൊബൈൽ ഫോണിന്റെ ഉള്ളിലെ സ്ക്രൂവിന്റെ കനം നിർണയിക്കുമ്പോൾ എന്നത് മാത്രമാണ് പ്രായോഗിക തത്വം.

അന്തരീക്ഷപ്പാക്കറ്റുകളുടെ അളവെടുപ്പിലേയ്ക്ക് വരാം. നമ്മുടെ ആദ്യത്തെ അഞ്ചുസെക്കൻഡ് പ്രവചനത്തിന്റെ കൃത്യത 99.99% ആയിരുന്നു എന്ന് കരുതുക. ഓരോ ഔട്ട്പുട്ടും തൊട്ടടുത്ത ഇൻപുട്ടായി കൊടുത്ത് ആവർത്തിക്കുക എന്നതാണ് നമ്മുടെ രീതി എന്ന് പറഞ്ഞു. 99.99% കൃത്യതയു

ള്ള ഔട്ട്പുട്ടിനെ ഇൻപുട്ടായി കൊടുത്താൽ അടുത്ത ഔട്ട്പുട്ടിന് 99.99% x 99.99% = 99.98% കൃത്യത മാത്രമേ അവകാശപ്പെടാനാകൂ. ഇത് മൂന്ന് തവണയാകുമ്പോൾ 99.97% ആകും. അതായത്, കൃത്യതക്കുറവുള്ള വിവരങ്ങൾ കൂടുതൽ തവണ ആവർത്തിച്ച് ഉപയോഗിക്കപ്പെടുന്തോറും കൃത്യതക്കുറവ് കൂടുതൽ വഷളായിക്കൊണ്ടിരിക്കും. ആയിരം തവണ ആവർത്തിച്ചാൽ ഇത് 99.0% കൃത്യതയുള്ള ഔട്ട്പുട്ടായിരിക്കും തരുന്നത്. പതിനായിരം തവണ ആവർത്തിക്കുമ്പോഴേയ്ക്കും കൃത്യത 36.79% ആയി മാറും. പതിനായിരം തവണയാവുമ്പോൾ പതിമൂന്ന് മണിക്കൂർ മുന്നിലേയ്ക്ക് മാത്രമേ പ്രവചനം എത്തുന്നുള്ളൂ എന്നോർക്കണം. ഒരു ലക്ഷം തവണയൊക്കെ ആകുമ്പോഴേയ്ക്കും കൃത്യത പ്രയോഗത്തിൽ 0% തന്നെയാകും. ഇതാണ് ഇവിടത്തെ പ്രശ്നം.

ഇപ്പറഞ്ഞത് ന്യൂമെറിക്കൽ പ്രവചനം എങ്ങനെ പ്രവർത്തിക്കുന്നു എന്ന് മനസ്സിലാക്കുന്നതിനുള്ള, അമിതമായി ലളിതവൽക്കരിച്ച ഒരു വിവരണമാണ്. പ്രയോഗത്തിൽ ഇത് അത്യധികം സങ്കീർണമായ ഒരു പ്രക്രിയയാണ്. ഇന്ന് ആറ് മുതൽ പത്ത് ദിവസം വരെ സാമാന്യം നല്ല പ്രവചനസാധ്യത നൽകാൻ ന്യൂമെറിക്കൽ കണക്കുകൂട്ടലുകൾക്ക് കഴിയുന്നുണ്ട്. അപ്പോഴും ഓരോരോ പ്രദേശത്തിനും അതിന്റേതായ മോഡലുകൾ വികസിപ്പിക്കുക, കൂടുതൽ അടുത്തടുത്ത സ്ഥലങ്ങളിൽ നിന്ന് (ഫലത്തിൽ, മോഡലിലെ കാലാവസ്ഥാ പാക്കറ്റുകൾ ചെറുതാക്കുന്നു) ഡേറ്റ ശേഖരിക്കാൻ കഴിയുക, ശേഖരിക്കുന്ന ഡേറ്റയുടെ കൃത്യത പരമാവധി കൂട്ടുക എന്നിങ്ങനെ നിരവധി വെല്ലുവിളികൾ അവിടുണ്ട്. ബാക്കിയെല്ലാം കൃത്യമായാൽ പോലും, പ്രവചനസാധ്യത 14 ദിവസത്തിനപ്പുറത്തേയ്ക്ക് നീട്ടാൻ സമ്മതിക്കാത്ത ഒരു ഘടകം കൂടിയുണ്ട്. മോഡലുകളിൽ ഉപയോഗിക്കുന്ന സമവാക്യങ്ങളുടെ ഒരു സവിശേഷ സ്വഭാവമാണത്. കെയോസ് (chaos) എന്ന സാങ്കേതികപദം കൊണ്ട് സൂചിപ്പിക്കുന്ന ഒന്ന്.

സമവാക്യത്തിലേയ്ക്ക് ഉൾപ്പെടുന്ന

> **ഇന്ന് ആറ് മുതൽ പത്ത് ദിവസം വരെ സാമാന്യം നല്ല പ്രവചനസാധ്യത നൽകാൻ ന്യൂമെറിക്കൽ കണക്കുകൂട്ടലുകൾക്ക് കഴിയുന്നുണ്ട്. അപ്പോഴും ഓരോരോ പ്രദേശത്തിനും അതിന്റേതായ മോഡലുകൾ വികസിപ്പിക്കുക, കൂടുതൽ അടുത്തടുത്ത സ്ഥലങ്ങളിൽ നിന്ന് (ഫലത്തിൽ, മോഡലിലെ കാലാവസ്ഥാ പാക്കറ്റുകൾ ചെറുതാക്കുന്നു) ഡേറ്റ ശേഖരിക്കാൻ കഴിയുക, ശേഖരിക്കുന്ന ഡേറ്റയുടെ കൃത്യത പരമാവധി കൂട്ടുക എന്നിങ്ങനെ നിരവധി വെല്ലുവിളികൾ അവിടുണ്ട്.**

അളവുകളിലെ (താപനില, മർദ്ദം തുടങ്ങിയവ) ചെറിയ വ്യതിയാനം പോലും സമയക്രമേണ അനന്തര ഫലങ്ങളിൽ വലിയ വ്യത്യാസം ഉണ്ടാക്കും എന്നതാണ് കെയോസ് എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. ഉദാഹരണത്തിന് ആമസോൺ കാട്ടിൽ ചിറകടിക്കുന്ന ഒരു പൂമ്പാറ്റ അതിന് ചുറ്റുമുള്ള വായുവിൽ നേരിയ മർദ്ദവ്യത്യാസവും കാറ്റും ഉണ്ടാക്കുന്നുണ്ടാവുമല്ലോ. ഈ വ്യതിയാനം അതിന് ചുറ്റുമുള്ള വായുവിനെയും സ്വാധീനിക്കും. ഇത് പതിയെ പതിയെ തുടർന്നുപോയാൽ ന്യൂയോർക്കിൽ ഒരു കൊടുങ്കാറ്റ് രൂപപ്പെടാൻ മാത്രമുള്ള വ്യതിയാനം അന്തരീക്ഷത്തിൽ ഉണ്ടാക്കാനുള്ള സാഹചര്യം പോലും സൈദ്ധാന്തികമായി സാധ്യമാണ് (ബട്ടർഫ്ലൈ ഇഫക്റ്റ് എന്നാണ് ഈ സാധ്യതയ്ക്കുള്ള ഓമനപ്പേര്) ഇത് കൊണ്ട് തന്നെ താപനിലയും മർദ്ദവും ആർദ്രതയും ഒക്കെ പരമാവധി കൃത്യതയോടെ അളക്കേണ്ടതുണ്ട്. ഉപഗ്രഹങ്ങളും കടലിലും കരയിലുമുള്ള കാലാവസ്ഥാ സ്റ്റേഷനുകളും, വിമാനങ്ങളിലും കപ്പലുകളിലും ഒക്കെയുള്ള സെൻസറുകളും ഉൾപ്പടെ ഭൂമിയുടെ പരമാവധി ഭാഗങ്ങളിൽ നിന്ന് കഴിയാവുന്നത്ര കൃത്യതയോടെ ശേഖരിക്കുന്ന ഡേറ്റയാണ് നമ്മൾ കാലാവസ്ഥാ കംപ്യൂട്ടർ മോഡലുകളിലേക്ക് കൊടുക്കുന്നത്. നമ്മുടെ എല്ലാ ഉപകരണങ്ങൾക്കും സഹജമായ കൃത്യതക്കുറവ് ഉണ്ടാകുമെന്നതാണ് അവിടത്തെ യാഥാർത്ഥ്യം. സദാ മാറിക്കൊണ്ടിരിക്കുന്ന താപനിലയും മർദ്ദവുമൊക്കെ, കംപ്യൂട്ടറിലേക്ക് ഡേറ്റ കൊടുക്കുന്നതിനും അതിന്റെ ഔട്ട്പുട്ട് വരുന്നതിനും ഇടയിലുള്ള സമയത്തിനുള്ളിൽ തന്നെ ഒരുപാട് മാറിയെന്നും വരാം. ഇതാണ് കാലാവസ്ഥാ പ്രവചനത്തിൽ കെയോസ് ഉയർത്തുന്ന വെല്ലുവിളി.

കേരളം പോലെ, ഉഷ്ണമേഖലാപ്രദേശങ്ങളെ മോഡൽ ചെയ്യുന്നത് മറ്റ് പ്രദേശങ്ങളെ അപേക്ഷിച്ച് കൂടുതൽ ബുദ്ധിമുട്ടാണ് എന്നതും എടുത്ത് പറയേണ്ടതുണ്ട്. വികസിതരാജ്യങ്ങളിൽ രാവിലത്തെ കാലാവസ്ഥാ റിപ്പോർട്ട് നോക്കി മാത്രം യാത്രയും മറ്റും പ്ലാൻ ചെയ്യുന്ന പതിവുണ്ട്. അതറിയുമ്പോൾ കൂടിയാണ് ഇവിടുത്തെ പ്രവചനങ്ങളെ  പലരും കളിയാക്കുന്നത്. എന്നാൽ, അതിൽ നമ്മുടെ അന്തരീക്ഷസ്ഥിതിയിൽ സഹജമായിത്തന്നെയുള്ള സങ്കീർണതകൾ കൂടി അടങ്ങിയിട്ടുണ്ട് എന്ന് അധികമാർക്കും അറിയില്ല. ഉദാഹരണത്തിന് മധ്യ അക്ഷാംശങ്ങളിൽ മഴയ്ക്ക് പ്രധാനകാരണം അന്തരീക്ഷമുഖങ്ങളുടെ രൂപീകരണമാണ്. വായുഖണ്ഡങ്ങളുടെ സാവധാനമുള്ള നീക്കം നിരീക്ഷിക്കാൻ താരതമ്യേന എളുപ്പമാണ്. നമ്മുടെ നാട്ടിൽ മഴകൾ മിക്കതും സംവഹനജന്യമാണ് (convectional). അതിനോടൊപ്പം വാണിജ്യവാതങ്ങളുടെയൊക്കെ സ്വാധീനം കൂടിയാവുമ്പോൾ, ഇത്തരം മാറ്റങ്ങളെ മുൻകൂട്ടി കാണുന്നത് കൂടുതൽ ബുദ്ധിമുട്ടുള്ളതാകുന്നു. എന്നിരിക്കുമ്പോൾ പോലും കഴിഞ്ഞ ഏതാനും ദശാബ്ദങ്ങൾക്കിടെ പ്രവചകൃത്യതയിൽ വന്ന പുരോഗതി നമുക്ക് കാണാതിരിക്കാനാവില്ല. അതെന്തായാലും ഇനിയും കൂടുതൽ മികച്ചതാവുകതന്നെ ചെയ്യും.

എൻ.കെ.സുനിൽകുമാർ
മഹാത്മാഗാന്ധി കോളേജ്, തിരുവനന്തപുരം

# പഴക്കെണി

എമ്പാട്ടുമുള്ള
കയ്പ്പിനെ മറയ്ക്കാൻ
മധുരം വിളമ്പണം.

കൊള്ളരുതായ്മകളുടെ കയ്പ്പ്
ദുരിതങ്ങൾ തൻ ചവർപ്പ്
ഇല്ലായ്മകളുടെ ഉപ്പ്
എല്ലാം മറക്കുവാൻ
മധുരം പുരട്ടണം
വായ്ക്ക് രുചിയേറ്റണം.

തീവ്ര മതവംശീയതയുടെ
കൊടിയ വർഗ്ഗീയതയുടെ
വൻപെഴും ദേശീയതയുടെ
അഴികളടുത്ത
കൂടാരത്തിലേക്ക്
ആളിനെ കൂട്ടണം പഴക്കെണിയൊരുക്കണം.
കൊതിയേറ്റും മണം
അത്യാകർഷകമാം നിറം
പാകം ചേർത്തൊരുക്കി കെണിവെച്ച് മയക്കി
എണ്ണം പെരുക്കണം.
ആകാശ നീലിമയറിയാതെ
മഴവില്ല് കാണാതെ
സ്വച്ഛ വായുവേൽക്കാതെ
പഴക്കെണി നുണഞ്ഞിരിക്കണം.
സുരക്ഷിതരെന്ന പോൽ മോഹവലയത്തിൽ പാർപ്പുറപ്പിക്കണം



Dr Ranjith Krishnan K R
N.S.S. College, Pandalam

# Mohanlal
## The Thespian with Myriad Shades

*"The actor has the ability to convey moral force, to help people understand that even a handshake has a moral significance. There is no limit to what an actor can make an audience feel and understand" (Stella Adler, The Art of Acting)*

### Prologue

Malayalam cinema right from its early days has been renowned for producing quality content and excellent performances. The films of the bygone era reflected social realism and moral values set in the frame of family and class. The filmmakers often merged mythological and social themes and the style was theatrical laced with melodrama shaping the nascent cinematic narrative of Kerala. The actors came from theatre backgrounds and hence its impact was felt in their performances too. The scenario gradually changed with new crop of performers emerging in the 1960s and 1970s. The 1970s, often considered as the golden age of Malayalam cinema, was known for the existence of both commercial and parallel cinema simultaneously. Filmmakers like Adoor Gopalakrishnan, G. Aravindan, P. N. Menon, Bharathan and K.G. George redefined cinematic language with realism and humanism. Parallel cinema flourished, addressing class struggle, social inequality, and existential angst. Screenwriters like M. T. Vasudevan Nair and Padmarajan brought literary sensibility to film narratives. On the other hand, films starring Prem Nazir and other youngsters continued to emerge as money-spinners during that era, thus creating a balance between commercial and art-house cinema. The entry of Jayan in the second half of the decade was again a game changer as he redefined the notions of masculinity and heroism on screen. With his muscular physique, baritone voice, and daring stunts, Jayan symbolized confidence and charisma elevating himself to be known as the first action hero of Malayalam cinema.

The 1980s marked a profound transformation in Malayalam cinema, both thematically and in performance style. This period witnessed a shift from formulaic melodramas to realistic and socially rooted narratives. Filmmakers like I.V. Sasi, Bharathan, Hariharan, Padmarajan and others

infused cinema with psychological depth and moral complexity, moving away from the idealized portrayals of life. The films began to explore middle-class anxieties, alienation, urbanization, and human relationships in flux. The time also paved way for the entry of youngsters like Fazil, Sathyan Anthikad, Priyadarshan and Sibi Malayil. M.T. Vasudevan Nair, Padmarajan, and T. Damodaran were at the peak of their creative powers as screenplay writers during this period, while the era was further energized by talented debutants like Sreenivasan and Lohithadas. It was into this pasture that Mohanlal made his entry as Narendran in Manjil Virinja Pookkal (1980), directed by Fazil. Though Mohanlal played the role of Kuttappan in Thiranottam (1978) as part of a collaborative effort with his friends, the film was not released. The entry of Mohanlal in Manjil Virinja Pookkal with a 'tilting shoulder' and sadistic smile occurs at the midpoint of the story with the dialogue, "Good evening, Mrs. Prabha Narendran" establishing him instantly as a compelling screen presence and laying the foundation for a villain persona that soon transformed into one of Malayalam cinema's most iconic heroic trajectories. Since then, Mohanlal's screen presence has reshaped the conventional acting patterns in Malayalam films and influenced filmmaking practices across South India.

## The Making of a Legend

After the humongous success of Manjil Virinja Pookkal, Mohanlal became part of several movies essaying characters with shades of villainy including the Jayan starrer Sanchari (1981). Gradually he bagged more meaty roles in films like Attakkalasam, Kattathe Kilikkoodu, Nanayam, Ente Mamattikkuttiyammakku (all released in 1983). It was Fazil again who opened up new doors for Mohanlal to perform. As Alex in Ente Mamattikkuttiyammakku, Mohanlal performed with controlled restraint and emotional maturity. The films helmed by Satyan Anthikkad (Kaliyil Alpam Karyam in 1984) and Priyadarshan (Poochakkoru Mookkuthi in 1984) showcased the comic timing of Mohanlal while he excelled as action hero in I.V. Sasi films. Along with the rise of Mammoottty, Mohanlal also found a place in the hearts of Malayali audience very soon. He was elevated to the status of a 'Superstar' with the success of Rajavinte Makan (1986) directed by Thampi Kannanthanam in which he portrayed the character of the lovable 'notorious gangster' named Vincent Gomes. In 1987, he again played a 'Don', as Sagar Alias Jacky in Irupatham Noottandu directed by K. Madhu which again became a colossal success. Though he was seen in more action-oriented films during those years, he never shied away from doing the 'common man/ boy next door' type of characters. Films directed by Padmarajan, Sathyan Anthikkad, Priyadarshan, Sibi Malayil, Kamal and Venu Nagavally showed the lighter side of Mohanlal. In their films, he embodied the Malayali psyche through his effortless blend of vulnerability, resilience, humour, and moral ambiguity. Mohanlal echoed the Malayali's silent determination, emotional depth, and ability to endure life's trials with understated grace. His characters often negotiated tradition and modernity, intellect and instinct, sentiment and pragmatism which are traits deeply rooted in Kerala's socio-cultural fabric.

The success of Chithram (1988), Kireedam (1989) and other such films established his stardom in the Malayalam film industry. He continued his dream run in the early 1990s too through Lal Salam (1990), Kilukkam (1991), Vietnam Colony (1992), Devasuram (1993), Manichithrathazhu (1993) and many more. Mohanlal won his first National Award for the Best Actor in Bharatham (1991) and at that time, he was also part of serious cinema like Vasthuhara (1991) by G. Aravindan and Sadayam (1992) by Sibi Malayil. He also started producing films individually in the banner of Pranavam Arts International during that period. In the second half of the 1990s, Mohanlal was seen as Anandan in Mani Ratnam's Iruvar (1997). Many critics consider his performance as Anandan as his career best till date. As the actor turned politician, Mohanlal was able to convey ambition, loyalty, heartbreak, and transformation of Anandan through delicate shifts in expression, tone, and body language. In 1999, he excelled as the Kathakali artiste Kunjikuttan in Vanaprastham directed by Shaji N. Karun. Through his portrayal of Kunjikuttan, Mohanlal captured the profound tragedy of an actor torn between his art and his identity, delivering a performance of haunting intensity. This role earned him his second National Award for Best Actor, reaffirming his mastery in embodying complex psychological and cultural conflicts

The early years of 2000s again witnessed a change in Mohanlal's appearance, style and performance. Carrying on the legacy of Devasuram and later Aaraam Thampuran (1998), both written by Ranjith, Mohanlal turned more macho with 'larger-than-life hero' type characters. In Narasimham (2000), Shaji Kailas and Ranjith made use of Malayali audience's





love for Mohanlal's 'avatar' clad in 'mundu' (dhoti) with twirled moustache, commanding body language and fiery dialogue delivery. The films of this genre projected raw masculinity, authority, and earthiness rooted in Kerala's cultural ethos. The later films which followed the suit tasted failure and Mohanlal was criticized for repeating himself on screen.

Films directed by Rosshan Andrrews, Blessy, Ranjith, and Jeethu Joseph (notably the Drishyam franchise) often offered a breath of fresh air to the actor in Mohanlal. However, the post-2010 phase has been a bumpy ride, marked by occasional major hits and several notable performances amid inconsistent projects. The supremacy of Mohanlal as a 'star' was proven again with the success of Pulimurugan (2016) directed by Vysakh. His superlative screen presence, prowess for executing action sequences and ability to make a mass-action role emotionally believable emerged as the crucial factors. The film's unprecedented box-office triumph reaffirmed his unmatched star power and expanded the scale and ambition of Malayalam commercial cinema. Films like Lucifer (2019) directed by Prithviraj Sukumaran, L2: Empuraan (2025) and Thudarum (2025) by Tharun Moorthy once again proved his versatility and reinforced his status as a crowd-puller. This enduring appeal across different genres and filmmakers underscores his rare ability to dominate screens while adapting seamlessly to evolving cinematic trends.

## The Star Aura

When analysed, one can notice that Mohanlal's career coincides with several phases of Malayalam cinema, the era of social dramas, the commercial turn with mass entertainers and the recent waves of experimental films. His position is unique because he has been able to traverse these phases while shaping them. Unlike stars whose charisma operates primarily through grandeur or stylized excess, Mohanlal's magnetism lies in his effortless naturalism like a disarming smile that blends innocence and depth, subtle gestures that speak more than dialogue, and a piercing yet soft gaze that captures the inner conflict. His fluid body language and spontaneous expressions make even the mundane moments feel 'lived-in', turning characters into believable, breathing individuals.

As a star, Mohanlal's box-office appeal crosses class and age groups, Mohanlal has been an economic anchor for Malayalam cinema. He

is one of the rare actors who has been able to deliver industry hits consistently in every decade since his debut. From the 1980s to the present, he has headlined some of Malayalam cinema's biggest commercial blockbusters, redefining mainstream success with films that balance mass appeal and emotional depth. His versatility allows him to shine in both family dramas and high-octane action entertainers, bringing authenticity to grand, heroic characters without losing relatability. As Tharun Moorthy, the director of Thudarum said, Mohanlal has his own "sleeper-cell audience", a large but often silent segment of his fan base who remain invisible in the usual fan-driven spaces, but becomes highly visible whenever a major film of his releases. They always cherish being part of a Mohanlal film, driven by nostalgia and an unwavering trust in his star power and cinematic legacy. For them, every release is not just a movie but a reaffirmation of their emotional connection to an icon who has shaped generations of cinematic experience.

The success of Mohanlal's recently re-released old films also underlines this fact. Be it Spadikam (1995), Devadoothan (2000), Manichithrathazhu, Chotta Mumbai (2007), or Ravanaprabhu (2001), the audience return to recreate the magic of iconic moments, celebrate his timeless charisma, and experience the communal joy once felt decades ago. Reflecting Bakhtin's idea of the carnivalesque, the ordinary hierarchies dissolve and collective euphoria takes over in the theatre ambience at the time of a Mohanlal re-release. The theatre space transforms into a celebratory arena and the spectators become active participants where nostalgia, fandom and cinematic myth converge in a carnival of memory and renewed admiration.

The uniqueness of Mohanlal is that, he never had the traits of a conventional hero. Instead, the early roles indicated appetite for flawed, ambivalent characters. His method has never been a strict alignment to any single school of acting. Rather, his craft synthesizes control and improvisatory ease, a technique that allows naturalistic speech rhythms to coexist with cinematic expressivity. As the famous Shakespearean character Polonius states in Hamlet, "Though this be madness, yet there is method in't", Mohanlal's acting too embodies a compelling paradox. His performances often seem spontaneous, effortless and instinctive which appears to be living the character rather than acting. Yet behind this seeming "madness" lies an intricate method, a finely tuned emotional control, an acute eye for real-life behaviour, and an almost invisible technique that allows him to glide between different emotions with uncanny ease. One can decipher this as the result of years of disciplined craft, deep psychological insight, and a performer's intuition sharpened through experience. What looks like improvisational magic is anchored in the profound understanding of human nature making Mohanlal both a natural actor and an artist of meticulous method.

## Mohanlal and Malayalam Cinema

One of Mohanlal's most enduring contributions is the elevation of the quotidian behaviour into cinematic syntax. His performances invite the camera to linger on the ordinary, the domestic and routines. This aesthetic choice shifts focus from conventional dramatic peaks to the immediacy of the present moment, thereby enabling the emergence of a new cinematic discourse. In doing so, Mohanlal helped legitimize a strand of Malayalam cinema that privileges domestic micro-drama and social realism over melodramatic resolution. The characters played by Mohanlal in the films of Sathyan Anthikkad, Priyadarshan, Sibi Malayil and Blessy serve as authentic folios of an average Keralite, capturing lives shaped by everyday struggles, quiet aspirations, and deep emotional





undercurrents.

Mohanlal's characters are often morally complex rather than ideologically pure. He plays the sympathetic wrongdoer and the hesitant protector with equal conviction, inviting viewers to occupy ethically uneven vantage points. Characters like Jayarajan (Uyarangalil, 1984), Kumaran Thampi (Sreekrishna Parunthu, 1984), Dr. Haridas (Amrutham Gamaya, 1987), Maathu Pandaaram (Padamudra, 1988), Rajiv Menon (Dasharatham, 1991), Sivaprasad (Adhwaytham, 1991), Nandagopan (Kamaladalam, 1992), Sathyanathan (Sadayam), Mangalassery Neelakandan (Devasuram), Georgekutty (Drishyam) and Stephen Nedumpally (Lucifer) are a few examples of this category. Mohanlal's willingness to embody contradiction helped Malayalam cinema tackle social and moral issues like class tensions, political disillusionment, gender dynamics and so on without reducing them to mere caricatures.

Mohanlal is also an actor who has redefined the style of romance in Malayalam cinema by combining charm with humour and passion with everyday realism. Unlike the conventional romantic heroes of the past, his characters often appear grounded, flawed, and intensely human. From the poetic grace of Solomon in Namukku Parkkan Munthirithoppukal (1986) and the playful innocence of Jayakrishnan in Thoovanathumbikal (1987), Mohanlal transitions to the mature emotional intensity of Chithram and Kilukkam, while still retaining the tender sincerity as seen in Vandanam (1989), Maya Mayooram (1993) and Minnaram (1994). His romantic arc thus spans youthful charm, susceptibility and deeply felt emotional resonance.

Malayalam cinema has long engaged with characters experiencing psychological turbulence, yet the roles essayed by Mohanlal bring a distinctly deeper dimension. His portrayals are marked not merely by visible emotional strain but by subtle internal conflicts and an uncanny ability to render the mind's fragility and resilience with true-to-life precision. Sethumadhavan (Kireedam, 1989), Balan (Thazhvaram, 1990), Sidharthan (Aham, 1991), Unnikrishnan (Pavithram, 1994), Rameshan (Thanmathra, 2005), Sivankutty (Bhramaram, 2009) are a few illustrations of this category. At the same time, his performance as a psychiatrist (notably in Ulladakkam, 1991 and Manichithrathazhu) both as Dr. Sunny showcases his ability to combine empathy, intellect and understated humour with sharp psychological insight.

During the early days of Malayalam cinema, humour was employed as interludes. It had a separate track almost like a subplot. The heroes never attempted to engage in such trajectories. But the entry of Mohanlal altered this landscape, as he brought a unique knack for humour rooted in endearing expressions, flexible body language, suggestive smiles, and well-timed

one-liners. His comedy emerged not from exaggeration, but from subtlety and spontaneity. This exceptional ability of Mohanlal has helped him to create memorable on-screen chemistry with a wide range of actors, enhancing both performance dynamics and narrative depth. His collaborations with Mukesh, Sreenivasan, Nedumudi Venu, Thilakan, Jagathy Sreekumar and Jagadish produced some of Malayalam cinema's most iconic character duos rooted in natural humour, emotional balance, and dramatic synergy. With heroines such as Karthika, Shobana, Sumalatha, Revathi, Meena and others, he brought a blend of tenderness, playful rapport, and mature emotional connection, enriching romantic narratives through subtle expressions and timing. He also uses silence as an active material and is a master in utilizing props and negative space. Mohanlal's body rarely performs for the spectacle, instead, meaning gets attached to small and often peripheral actions. For example, the way he rolls a cigarette, the adjustment of a shirt cuff, the unbuckling of the watch, the tilt of a head and so on. These micro-actions are cinematic signposts that cue viewers into the interior life without explicit explanation. The actor's control over these small gestures alongside voice modulation renders his performances remarkably watchable even in scenes with mundane plots. His 'avatar' as larger-than-life figures in certain films often as avengers, law-enforcers and so on, he fuses both mythic and human. The ability to fuse realism with cinematic spectacle is what makes such characters resonate deeply, not merely as legends, but as believable figures who embody courage, vulnerability, and grace.

## As a Phenomenon

Mohanlal has never shied away from exploring diverse creative and cultural avenues. Within cinema, he has ventured beyond acting, into production, singing, and direction. His artistic range extends to the stage, where he has performed in acclaimed productions such as Karnabharam and Chayamukhi. He has also showcased his versatility through magic shows and by hosting popular television reality shows and programmes. Beyond these creative pursuits, Mohanlal remains deeply committed to philanthropy, actively supporting social causes and community initiatives. His multifaceted engagements reflect a restless artistic spirit and a genuine desire to contribute meaningfully across fields. Mohanlal has also been entrusted with several honorary positions over the years, reflecting the respect he commands in cultural, social, and national spheres.

Though an actor, Mohanlal's characters are often regarded as the representation of the Malayali psyche. Often regarded as the 'alter-ego' of the Malayali audience, his characters frequently embody the tensions of the Keralites. His characters are educated but precarious, principled but pressured, globally aware yet locally anchored. He thus becomes a cinematic repository for anxieties about modern life, aspiration, and ethical survival. The people of Kerala value family relationships and community obligations. Mohanlal's characters embody both these things as they dramatize family dynamics like the care for elders, marital negotiations, intergenerational conflict and so on. The spectators consider him as the 'neighbour-next-door', at times both as a son and a father figure, as brother, lover and hero, as someone who can fail yet remain morally intelligible.

### Epilogue

Mohanlal's performances often function as catharsis, both for his characters and the audience. Through his depictions, he channels internal conflicts, suppressed desires, grief and moral dilemmas into powerful moments of release. Through his characters, Mohanlal carries the viewers into deeply felt psychological spaces. His controlled build-ups and sudden yet organic emotional bursts allow spectators to experience purification, an Aristotelian cleansing through empathy and identification.

In an era dominated by social media, sustaining stardom without succumbing to constant scrutiny and criticism is no easy feat. Yet Mohanlal has consistently remained humble and composed, demonstrating unwavering dedication to the world of cinema. Critics and scholars have variously described Mohanlal as the actor who has democratized subtlety, or the star who has made the ordinary cinematic. His legacy is not reducible to awards or box-office numbers, rather, it rests in the change he effected in audience expectations and industry practices. His performances have forged a cinematic idiom that accepts ambivalence as a human condition and treats ordinary life with the gravity of myth. In representing the Malayali psyche, their domestic concerns, political sensibilities, humor, and contradictions, Mohanlal does more than 'act'. He curates a cultural archive of 'lived feeling' and as Malayalam cinema continues to evolve, his work will remain a reference point for how performance can transform a regional imagination into a universal encounter with human complexity.

ഡോ. ജോസ് മാത്യു
സനാതനധർമ്മ കോളേജ്, ആലപ്പുഴ

# വഴിയടഞ്ഞ വഴികൾ

ഹരിതം സുവർണ്ണമായ്
മാറുമീ സാനുക്കളിൽ
ഋതു സംഗമമൊരു
ദൃശ്യമാം ഗീതംപോലെ!
- ഒ.എൻ.വി. കുറുപ്പ്

കൊളോണിയൽ കാലത്ത് കേരളത്തിൽ ഉപരിതല സഞ്ചലനം സാധ്യമായിരുന്ന മൂന്ന് ബൃഹത്പാതകൾ: സിസ്പാറ - ബങ്കിത്തപാൽ, പേര്യ ചുരം, ആലുവാ-മൂന്നാർ. കാലചക്രങ്ങൾ ഉരുണ്ടപ്പോൾ വഴിയടഞ്ഞു കാടുകയറിപ്പോയ ആ പാതകളെ തേടിപ്പോവുകയാണ്. കേരളത്തിന്റെ ചരിത്രവും സംസ്കൃതിയുമെല്ലാം ഇഴചേർന്നു കിടക്കുന്ന കാനനപാതകളിൽ ഇന്നലെകളെ തൊട്ടടയാളപ്പെടുത്തുന്ന പദയാത്ര.

### 1. ബങ്കിത്തപാൽ പാത

കർണ്ണാടക - കേരള - തമിഴ്നാട് സംസ്ഥാനങ്ങളെ തമ്മിൽ ബന്ധിപ്പിച്ച കൊളോണിയൽ പാത. ആംഗ്ലോ -മൈസൂർ യുദ്ധങ്ങൾ അവസാനിച്ചതോടെ തെക്കേ ഇന്ത്യയിൽ ആകമാനം ബ്രിട്ടീഷ് ആധിപത്യം സ്ഥാപിക്കപ്പെട്ടു. ഉത്തരകന്നഡയിൽ നിന്നും മലബാറിൽ നിന്നും ഉരുപ്പടികൾ ബ്രിട്ടനിലേക്ക് എത്തിക്കാനായി രൂപപ്പെടുത്തിയ പോസ്റ്റൽ റൂട്ടായിരുന്നു ഇത്. മംഗലാപുരത്തു നിന്നും നഞ്ചൻകോഡ്, നിലമ്പൂർ, വാളക്കാട്, സിസ്പാറ, അങ്കിണ്ട എന്നിവിടങ്ങളിലൂടെ കടന്നുപോയ ഉരുപ്പടികൾ തമിഴ്നാട്ടിലേക്കും ശേഷം ശ്രീലങ്കയിലേയ്ക്കും അവിടെ നിന്ന് കപ്പൽ മാർഗം ലോകമാകമാനവും എത്തിയിരുന്നു. 'ബങ്കി' കൾ എന്നറിയപ്പെട്ട തപാൽ ചുമടുകാർ ഇരുപതിലധികം കിലോമീറ്ററുകൾ വനവിഭവങ്ങൾ അടക്കമുള്ള ഉരുപ്പടികൾ ചുമലിലേറ്റി 2200 ലധികം മീറ്റർ ഉയരംതാണ്ടി ബങ്കിത്തപാൽ ഹട്ടിൽ എത്തിക്കുന്നു. റാന്തൽ വിളക്കിന്റെ വെട്ടത്തിൽ പാർസലുകൾ വേർതിരിച്ച് തമിഴ്നാട്ടിൽ നിന്നുള്ള ബങ്കികൾ ചുമട് വഹിച്ചു കൊണ്ടുപോകുന്നു. വെറുംകൈയ്യും ധൈര്യവുംകൊണ്ട് വന്യമൃഗങ്ങളെ നേരിട്ട ഒരു വിഭാഗം ആളുകൾ ബ്രിട്ടീഷ് പോസ്റ്റൽ സംവിധാനങ്ങളുടെ ഭാഗമായി ഇവിടം കടന്നുപോയി. മലബാർ സമരങ്ങളുടെ കാലത്ത് തേക്കുകൾ കടത്തിക്കൊണ്ടുപോകുവാൻ നിലമ്പൂർ റെയിൽപാത ആവശ്യമായപ്പോൾ റെയിൽഗേജുകൾ നിർമ്മിക്കാനുള്ള വനവൃക്ഷങ്ങൾ (തമ്പകവും നാങ്കും ഉൾപ്പെടെ) കുതിരവണ്ടികളിൽ ഈ വഴിയിലൂടെത്തന്നെ മലയിറങ്ങിപ്പോയി. ഇന്നത്തെ സൈലന്റ് വാലി, മുക്കുർത്തി ദേശീയോദ്യാനങ്ങളിൽ ആ പാത കാടുകയറിപ്പോയിരിക്കുന്നു. ഒരു മഴക്കാലത്തിന്റെ അവസാനനാളുകളിലാണ് ഞാൻ ഈ പാത തിരഞ്ഞെത്തിയത്. ഫയർലൈനുകൾ തീർത്തു ഈ ചുരംപാതയെ സജീവമാക്കി നിർത്താൻ കേരളവനംവകുപ്പ് ശ്രമിക്കുന്നുണ്ട്. മഞ്ഞുപുതച്ചു നിൽക്കുന്ന പാതയോരത്തു നിൽക്കുമ്പോൾ ഭൂതകാലം തണുത്ത കൈകൾ കൊണ്ടെന്നെ കുന്തിപ്പുഴയിലേക്ക് തൊട്ടുവിളിച്ചു. വർഷം മുഴുവൻ മഴ പെയ്യുന്ന ഈ കാനനപാതയിൽ ആർത്തലയ്ക്കുന്ന കുന്തിപ്പുഴയെ അവർ കടന്നുപോയതെങ്ങനെയാവും? ഒരു പകൽകൊണ്ട് കനത്ത ചുമടും താങ്ങി ഈ ദുർഘടപാത പിന്നിട്ട് ലക്ഷ്യത്തിലെത്തി തിരികെപ്പോയതെങ്ങനെയാവും?


കുന്തിപ്പുഴ



പാതയിലുള്ള വാളക്കാട് ഫോറസ്റ്റ് സ്റ്റേഷൻ

## 2. പേര്യ ചുരം പാത

അത്യുത്തര മലബാറിനെ വയനാട്ടുമായി ബന്ധിപ്പിച്ചിരുന്ന പുരാതന പാതയാണിത്. ഈ പാത മാനന്തവാടിയെ കണ്ണൂർ ജില്ലയുമായി ബന്ധിപ്പിച്ച് ഇന്നും നിലനിൽക്കുന്നുണ്ടെങ്കിലും പഴയ പാത പലയിടത്തും കാടുകയറിപ്പോയിരിക്കുന്നു.

1800 –കളുടെ തുടക്കത്തിൽ ആയുധനീക്കങ്ങൾക്കും വനവിഭവങ്ങളുടെയും ഗോത്രവിഭാഗങ്ങളിൽ നിന്നും നികുതിയായി കൈപ്പറ്റിയ ധാന്യങ്ങളുടെയും കൈമാറ്റത്തിനുമൊക്കെയാ



മഞ്ഞുമൂടിക്കിടക്കുന്ന ബങ്കിത്തപാൽ പാത



പേര്യ പാതയിലെ നാഴികക്കല്ല്



പഴയ പേര്യ പാത



പാതയോരത്തെ കൃഷിഭൂമി



ദേവസ്ഥാനങ്ങൾ

യി രൂപപ്പെടുത്തിയ പാതയാണിത്. മാനന്തവാടിയിൽ നിന്നും തെക്കൻ വയനാട് വഴി ഊട്ടിയിലേക്ക് ഈ പാതകൾ ലിങ്ക് ചെയ്യപ്പെട്ടിരുന്നു. താമരശ്ശേരി ചുരംപാത രൂപപ്പെട്ടുന്നതു വരെ ഏറെ നിർണ്ണായകമായ സഞ്ചാരപാതയായിരുന്നു ഇത്. പഴശ്ശി – ബ്രിട്ടീഷ് യുദ്ധങ്ങൾക്കും ഈ പാത സാക്ഷ്യം വഹിച്ചിട്ടുണ്ട്.

പഴയ പേര്യ പാതയിൽ കാടുകയറിയ പ്രദേശത്തു കൂടി ഞാൻ പോയത് കേളമ്പിൽ തെയ്യത്തെ തേടിയാണ്. മുതിരേരി ക്ഷേത്രത്തിൽ നിന്ന് കൊട്ടിയൂർക്ക് വാൾ പോയ ശേഷമുള്ള വൈശാഖമാസത്തിലെ ഒരു സായന്തനത്തിലായിരുന്നു അത്. കുങ്കിച്ചിറ മ്യൂസിയം ചിട്ടപ്പെടുത്താനുള്ള വിവരശേഖരണത്തിനായി തെയ്യത്തെ തേടിപ്പോയതാണ്. കൂടെ വരാമെന്നേറ്റയാൾ എന്തുകൊണ്ടോ പിൻവാങ്ങി. കാടുപിന്നിട്ടാൽ കുറുമരുടെ വയലേലകളും കൃഷിഭൂമികളുമാണ്. വിളറിയതുപോലെ കിടന്ന പാത പിന്നിട്ട് കുറിച്യമിറ്റത്ത് എത്തുമ്പോൾ ഇരുട്ട് വീണിരുന്നു. രാത്രിയിൽ എന്നെ കണ്ട് അവർ അന്ധാളിച്ചു. വാള് കടന്നുപോയാൽ ദേശത്താരും വൈകുന്നേരങ്ങളിൽ പുറത്തിറങ്ങില്ലത്രേ! ദേവസ്ഥാനങ്ങൾ കണ്ട്, വിവരങ്ങൾ ശേഖരിച്ചു തിരികെപ്പോരുമ്പോൾ മിറ്റത്തുള്ളവർ ചൂട്ടും നായ്ക്കളുമായി കൂടെ വന്നു. വരുംവഴി ഭീതിയുടെ കഥകൾ അവർ പറഞ്ഞുകൊണ്ടിരുന്നു. തിരികെപോകുമ്പോൾ അവർ അന്യോന്യം അത് തന്നെ പറഞ്ഞിട്ടുമുണ്ടാവും.

### 3. ആലുവ - മൂന്നാർ പാത

രാജപാതയെന്നും അറിയപ്പെട്ടിരുന്ന പാതയാണിത്. അതിപുരാതന കാലം തൊട്ടേ ഈ പാത ഉപയോഗിച്ചിരുന്നതായി പറയപ്പെടുന്നു. കൊടുങ്ങല്ലൂരിനടുത്ത് ഉണ്ടായിരുന്ന മുസ്സരീസ് തുറമുഖത്തേക്ക് സാധനങ്ങൾ എത്തിക്കുന്നതിനും കപ്പൽ മാർഗം എത്തിച്ചേരുന്ന വസ്തുക്കൾ തിരികെ കൊണ്ടുപോകുന്നതിനുമായി തമിഴ് നാട്ടിലെ മധുരയുമായി ഈ പാത ബന്ധിപ്പിച്ചിരുന്നുവത്രേ. എന്തായാലും ബ്രിട്ടീഷ് കോളോണിയൽ കാലഘട്ടത്തിൽ സുഗന്ധവ്യഞ്ജനങ്ങളും ചന്ദനവും മറ്റുവനവിഭവങ്ങളുമെല്ലാം ദേശാന്തരങ്ങളിലേക്കു കൊണ്ടുപോകാൻ ഈ വഴി ഉപയോഗിക്കപ്പെട്ടു. ഒട്ടുമിക്ക സ്ഥലങ്ങളും കയറ്റിറക്കങ്ങളില്ലാത്ത പാതയായി

പഴയപാതയുടെ അവശേഷിപ്പുകൾ. കെഎസ്ഇബിയുടെ പ്രവൃത്തികൾനടക്കുന്നതിനാൽ തുറന്നുകൊടുത്തിരിക്കുന്നു.






ഇടതുവശത്ത് പഴയ പാതയിലുള്ള പാലം. വലതുവശത്തു കെഎസ്ഇബി നിർമ്മിക്കുന്ന പാലം


കാനനപാതക്കുമേൽ മഞ്ഞു മൂടിയ കാഴ്ച

രുന്നു എന്നതും സവിശേഷതയായിരുന്നു. 1924–ലെ വെള്ളപ്പൊക്കത്തിൽ വഴി ഏറെക്കുറെ നശിക്കുകയും സഞ്ചാരയോഗ്യമല്ലാതാവുകയും ചെയ്തു. 1933 –ൽ നേര്യമംഗലം പാലം പണിപൂർത്തിയായതോടെ ഇന്നത്തെ മൂന്നാർ പാത രൂപപ്പെട്ടു.

പഴയ രാജപാത പൂയംകുട്ടി, കുട്ടംപുഴ, അടിമാലി,  മാങ്കുളം, ഇടമലക്കുടി എന്നിവിടങ്ങളെക്കടന്നാണ് പോയിരുന്നത്. ഞാൻ പാതയെ തൊട്ടുന്നത് മാങ്കുളത്തുവച്ചാണ്. പെരുമ്പൻകുത്ത് ജലപാതത്തിന് അതിരിട്ട് ഇവിടെ പാത കടന്നുപോകുന്നു. ഗോത്രവർഗ്ഗക്കാരുടെ കുടികളിലേക്ക് മച്ചിപ്ലാവ് ഫോറസ്റ്റ് സ്റ്റേഷന് മുന്നിലൂടെ പോകാൻ വഴിയുണ്ട്. മാങ്കുളം ഹൈഡ്രോ ഇലക്ട്രിക്ക് പ്രോജെക്റ്റിന് തുടക്കം കുറിച്ചതിനാൽ അവിടേക്കുള്ള വഴിയായും  ഈ പാത ഉപയോഗിക്കപ്പെടുന്നുണ്ട്.  1924 ലെയും 2018 ലെയും കനത്തവെള്ളപ്പൊക്കങ്ങളെ അതിജീവിച്ച ഒരു പാലം കാലാതിവർത്തിയായി ഇവിടെ നിലകൊള്ളുന്നുണ്ട്. ഉള്ളിലേയ്ക്ക് കടക്കുംതോറും കാട് ഋതുഭേദങ്ങളുടെ അടയാളങ്ങൾ കാട്ടുന്നു. കാനനപാതക്കിരുവശവും മുളങ്കൂട്ടങ്ങൾ പൂത്ത് സ്വർണ്ണനിറത്തിൽ കുലച്ചുനിൽക്കുന്നുണ്ട്. അതിനെ മറയ്ക്കുന്ന മഞ്ഞ് ഇടയ്ക്കിടെ വന്ന് എന്നെയും മൂടുന്നു. ഒപ്പം ഇരുളും കനക്കുന്നു. ഇനിയങ്ങോട്ട് യാത്ര സാധ്യമല്ല. ■

**Dr Subha Sachithanand**
Mahatma Gandhi College, Thiruvananthapuram.



# NEW ERA

Days are moving
As it is normal,
Some say days are fast moving,
Is it so?

Priority matters to every one
Otherwise they're busy
Eyes and ears are married to the screen
We see each other on screens no one see in person
Do we call this priority?

These days we like to wish through screen,
We hide our emotions through emojis
Can a smiley be a word?
But no words to appreciate each other.

We don't like to help others,
but we like to 'like' an empathy video
Post it and count the likes..
Is this life..??

Take a break, look around,
Still people are there.
Slow is always best, rather than fast,
Whichever be the era..

Amitha P. James
BPC College, Piravom

# Walking together: Understanding the World of White Cane

White cane is a symbol of independence. Is it still relevant to celebrate White Cane Day? Does it continue to serve both the visually impaired and those with combined visual and hearing impaired? Do people truly understand its significance?

In 1964, United States started to celebrate October 15 as White Cane Safety Day under the proclamation of president Lyndon B. Johnson. Over time, countries around the world recognised its importance, and October 15 is now observed globally as International White Cane day. It is commemorated to spread awareness about white cane and to ensure that white cane users can move safely and confidently in public spaces. It symbolises as the rights and dignity of people with visual impairment– their freedom to navigate the world independently. The white cane is more than a tool – it is considered as an extension of self by the visually impaired. It is often referred as their "second eye".

White cane acts as a guide and protector, which helps them to sense the texture of surfaces- smooth, rough, muddy, or wet, and to detect the obstacles such as stones, vehicles, posts etc. ahead. White cane users are mainly visually impaired (include totally blind and partially blind) or both visually and hearing impaired. Public can clearly differentiate them by noticing the colour. A white cane with red band indicates the person is both visual and hearing impaired.

The sensitisation of white cane helps the public how to respect and support a person with white cane. Do not touch a person or their cane without permission. The best practice one should follow- Ask before helping. If they say no, respect their independence and do not insist again. Interact with them in order to make them cool and calm. Let's allow them to hold your elbow and keep a half- step distance, so that they can walk safely with their white cane and follow you without any difficulties. Holding elbow helps them to sense the movement quickly so they can understand and adjust movement accordingly, whether it is a narrow surface or steps. Stop the vehicle and offer safe passage when you see a person with cane crossing the road. It will help them to cross the road without any hindrance or confusion. In public transport like bus, please ensure their safety; whether they are seated properly or not.

One of the misunderstood groups within the visually impaired community is those with low vision. Society often fails to identify them or their challenges because they may appear sighted at first glance. Even movies or novels tends to show only complete blindness. They really face significant difficulties in seeing, just like a blind person- which means, they cannot read the



signs or name boards, recognising faces, or identifying money. Most of the people misjudge them and doubt on their disabilities. Because of their acknowledgement of such group of visually impaired. Awareness is the only key to understand the different levels of impairment and support each person appropriately.

The Rights of persons with disability (RPWD) act, 2016 plays a crucial role in safeguarding the rights of white cane users in India. First RPWD act was formulated in 1995, this act recognised only seven types of disabilities. The RPWD act of 2016, expanded this list to twenty-one categories, and emphasises inclusion in education, employment and ensures accessibility. This act requires governments to construct infrastructure compactible to differently abled person. These facilities include tactile paths, ramps, accessible toilets, Braille writing etc. However, many people still do not understand the purpose of tactile tiles on public places like foot path, metro station.

If people get proper sensitisation, they can create a barrier- free environment. When people learn to avoid careless practices like parking vehicles on tactile paths, blocking open drains, or obstructing walkways, we move closer to create a truly inclusive society.

The importance of celebrating White Cane Day is not just about organising an event but; it is about spreading awareness. It reminds the society of its responsibility to create accessible spaces while also empowering visually impaired individuals to know their rights and potential.

In a developing country like India, this day deserves much more attention. The government should ensure whether the laws protect persons with disabilities are effectively implemented across the nation.

Every citizen plays a role in building an inclusive and empathetic community. Public should provide an involvement where; differently abled individuals feel accepted respected and valued- without being reminded of their limitations.

Let's walk together with the Mantra of equality, awareness, and understanding – so that every person, regardless of ability, can move forward with confidence and dignity. ■

ഡോ. ദിവ്യ എസ്. കേശവൻ
എൻ എസ് എസ് കോളജ്, ചേർത്തല

# നവോത്ഥാനവും കേരളീയ സ്ത്രീസമൂഹവും

നവോത്ഥാനം (ദി റിനൈസ്സൻസ്) എന്ന വാക്കിന്റെ മലയാള അർത്ഥം പുനർജ്ജനി എന്നാണ്. ഇറ്റലിയിൽനിന്നും ആരംഭിച്ച് യൂറോപ്പിലേക്ക് പടർന്നു പന്തലിച്ച സാംസ്കാരിക പ്രസ്ഥാനമാണ് നവോത്ഥാനം. നവോത്ഥാന സ്വാധീനം മുഖ്യമായും ബൗദ്ധികമേഖലയിലാണ് ചലനങ്ങൾ സൃഷ്ടിച്ചത്. പത്തൊൻപതാം നൂറ്റാണ്ടിന്റെ അവസാനത്തോടെയാണ് കേരളത്തിൽ സാമൂഹ്യ-സാംസ്കാരിക-രാഷ്ട്രീയ നവോത്ഥാനം നടപ്പിലാകുന്നത്. അധമത്തിൽനിന്നും ഉത്തമ അവസ്ഥയിലേക്കും ഇരുട്ടിൽനിന്നും വെളിച്ചത്തിലേക്കുമുള്ള മാറ്റങ്ങളായി നവോത്ഥാനത്തെ നോക്കിക്കാണാം.

ചരിത്രപരവും വർത്തമാനകാല നിജസ്ഥിതികളോടും ചേർന്നാണ് സംസ്കാരം നിലനിൽക്കുന്നത്. സാമൂഹ്യചിന്തകളുടെ ഉണർവ്വിലൂടെ യാഥാസ്ഥിതികതയെ മറികടക്കാനായി സാമൂഹ്യപരിഷ്കരണ പ്രസ്ഥാനങ്ങൾ, ജനാധിപത്യബോധം, പത്രമാസികകളുടെ വളർച്ച, പാശ്ചാത്യ വിദ്യാഭ്യാസം, ദേശീയ സ്വാതന്ത്ര്യ-കാർഷിക സമരങ്ങൾ, യുക്തിബോധം, ജീവൽ-പുരോഗമന സാഹിത്യപ്രസ്ഥാനങ്ങൾ എന്നിവയെല്ലാം കേരളീയ നവോത്ഥാനത്തിന്റെ മുഖമുദ്രകളാണ്.

പുരുഷനെപ്പോലെ സാമൂഹിക ഉന്നമനം സ്ത്രീക്കും ലഭ്യമാകണമെന്ന ചിന്ത ഗാന്ധിയൻ ആദർശങ്ങളോട് ചേർത്തുവായിക്കാം. സ്ത്രീയെ പങ്കെടുപ്പിക്കാതെ, ഉൾക്കൊള്ളാതെ സ്വാതന്ത്ര്യം പരിപൂർണ്ണമാകില്ലെന്ന ഗാന്ധിയൻ ആശയം പൗരാവബോധത്തിന് ആക്കം കൂട്ടി. കേരളീയ സമൂഹത്തിൽ സവർണ്ണ-അവർണ്ണ ഭേദമില്ലാതെ സ്ത്രീകൾ അസ്വാതന്ത്ര്യത്തിനു വിധേയരായിരുന്നു എന്നതൊരു വസ്തുതയാണ്. മരുമക്കത്തായ വ്യവസ്ഥ സൃഷ്ടിച്ച സ്വത്തുവിഭജനം, ചാരിത്ര്യദോഷം, മുതിർന്ന സ്ത്രീകൾ പുലർത്തിയ അനൗപചാരിക അധികാരവ്യവസ്ഥ, അസ്വാതന്ത്ര്യം തുടങ്ങിയവയുടെ ചട്ടക്കൂടുകളും വാർപ്പുമാതൃകകളും നവോത്ഥാനത്തിലേക്കുള്ള ചരിത്രനിർണ്ണയത്തിന്റെ ഏടുകളായിത്തീരുന്നുണ്ട്.

ഇരുപതാം നൂറ്റാണ്ടോടുകൂടി സ്ത്രീകൾ പുരുഷകേന്ദ്രീകൃതമായ സർവ്വമേഖലകളിലും വ്യാപരിക്കുന്നുണ്ട്. പുതിയ കാലം ഔദ്യോഗികപദവിയോടൊപ്പം കുടുംബത്തിന്റെ ഉത്തരവാദിത്വവും കൂടി നിർവ്വഹിക്കുവാനുള്ള ബാധ്യത അധികമായി സ്ത്രീക്കുണ്ടാവുന്നു. ഈ കാലഘട്ടത്തിലാണ് വീട്ടുജോലി ലഘുവാക്കുന്നതെന്തിനെയും കേരളീയ സ്ത്രീകൾ കൈനീട്ടി സ്വീകരിച്ചത്. 1967-ൽ പുറത്തിറങ്ങിയ തകഴിയുടെ ആത്മകഥയിൽ പരാമർശിക്കുന്ന 'സൺലൈറ്റ് സോപ്പ്' നേടുന്ന വിപണനമൂല്യം നവോത്ഥാനത്തോട് കൂട്ടിയിണക്കേണ്ടതായി വരുന്നു.

സാമൂഹ്യജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിൽ കേരളത്തിന്റെ വിദ്യാഭ്യാസ പരിവർത്തനങ്ങൾക്ക് സുപ്രധാനമായ സ്ഥാനമുണ്ട്. എൽ.എം.എസ്, സി.എം.എസ്., ബി.എം.എസ് സഭകളുടെ സജീവമായ ഇടപെടൽ കേരളീയ ജീവിതത്തിന് പുതിയ ദിശാസൂചകമായിത്തീർന്നു. സാർവ്വത്രിക വിദ്യാഭ്യാസം വിമോചനത്തിനും



പുരോഗമനാശയങ്ങളുടെ സ്വീകാര്യതയ്ക്കും ഒരു പരിധിവരെ സഹായകമായി എന്നു പറയാം.

കേരളത്തിൽ സമുദായ നവോത്ഥാനം അടിസ്ഥാനമാക്കിയാണ് സാമൂഹികപരിഷ്കരണം നടപ്പിലാക്കിയത്. 1893-ൽ സഞ്ചാരസ്വാതന്ത്ര്യം ലക്ഷ്യമാക്കി അയ്യങ്കാളി നടത്തിയ വില്ലുവണ്ടി സമരം, മാറു മറയ്ക്കാനുള്ള അവകാശത്തിനായുള്ള ചാന്നാർ ലഹള, നായർ-ഈഴവ ലഹളയുടെ അനന്തരഫലമായി 1904 -ൽ എല്ലാ സർക്കാർ സ്കൂളുകളിലും ജാതിഭേദമില്ലാതെയുള്ള പ്രവേശന ഉത്തരവ്, യോഗക്ഷേമ പ്രവർത്തനം, നായർ ബിൽ, വിദ്യകൊണ്ട് പ്രബുദ്ധരാകുവിൻ എന്ന സന്ദേശം പകർന്ന ഗുരുവിന്റെ നേതൃത്വത്തിൽ രൂപംകൊണ്ട നവോത്ഥാന സാമൂഹ്യപരിഷ്കരണ പ്രവർത്തനങ്ങൾ എസ്.എൻ.ഡി.പി. യുടെ വളർച്ചയ്ക്ക് വഴിയൊരുക്കി. ഇങ്ങനെ ഒട്ടനവധി സാമുദായിക സംഘടനകളുടെ മാർഗ്ഗനിർദ്ദേശങ്ങൾ കേരളസമൂഹത്തിൽ സ്ത്രീജനങ്ങളുടെ സ്വത്വരൂപീകരണത്തിന് കാരണമായി.

സാമൂഹികപരിഷ്കരണപ്രസ്ഥാനങ്ങളും നവോത്ഥാനവും സ്ത്രീമുന്നേറ്റവും 'നമ്പൂതിരിയെ മനുഷ്യനാക്കു' എന്ന പ്രമേയം ഇ.എം.എസ്. അവതരിപ്പിച്ചത് 1944-ലെ ഓങ്ങല്ലൂർ യോഗക്ഷേമ സമ്മേളനത്തിലാണ്. അന്തർജ്ജനങ്ങളുടെ വിവാഹസ്വാതന്ത്ര്യവും വിവാഹമോചനവും പുനർവിവാഹവും വിദ്യാഭ്യാസ ചിന്തയും തൊഴിൽകേന്ദ്രത്തിന്റെ മൂല്യവും രൂപീകരിക്കുന്നതിൽ ഈ സമ്മേളനം വിജയം കൈവരിച്ചു. നമ്പൂതിരി സ്ത്രീകളുടെ കമ്മ്യൂൺ എന്ന് വിശേഷിപ്പിക്കപ്പെട്ട തൊഴിൽകേന്ദ്രം പിന്തള്ളപ്പെട്ടവരുടെ ആശ്രയസ്ഥാനമാണ്. "ഘോഷ ബഹിഷ്കരിച്ച് ബ്ലൗസിട്ട അന്തർജ്ജനത്തെ ഭ്രഷ്ട് കല്പിച്ച് പൂർത്താക്കിയിരുന്നു. അവൾക്ക് ചെന്നെത്തുവാനുള്ള അഭയകേന്ദ്രമാണ് തൊഴിൽകേന്ദ്രം. താമസിക്കാനും തൊഴിൽ പരിശീലിക്കാനും തൊഴിൽ ചെയ്ത് സ്വാതന്ത്ര്യമായി ജീവിക്കാനും അവസരെ നൽകുന്ന ഇടം" (2019:49). ഇങ്ങനെയുള്ള തൊഴിൽ കേന്ദ്രത്തിന്റെ ഫണ്ട് യാചനായാത്രയിലൂടെയാണ് സമാഹരിച്ചത്. സ്വാശ്രയത്വമുള്ള ജീവിതമാർഗ്ഗം പര്യാപ്തമാക്കാൻ തൊഴിൽ കേന്ദ്രങ്ങൾക്ക് കഴിഞ്ഞു എന്ന് പറയാം. തളിയിൽ ഉമാദേവി, ആലമ്പിള്ളി ലീല, എം. സാവിത്രി, കാവുങ്കര ഭാർഗ്ഗവി തുടങ്ങിയവർ തൊഴിൽകേന്ദ്രത്തിന്റെ സജീവപ്രവർത്തകരായിരുന്നു. പുതിയ ജീവിതദർശനം നമ്പൂതിരി സ്ത്രീകൾക്ക് സാധ്യമാക്കാനും ജീവിതലക്ഷ്യം നേടാനും തൊഴിൽകേന്ദ്രത്തിലേക്ക് എന്ന നാടകത്തിന്റെ അവതരണം പൊതുജനങ്ങളുടെ ഇടയിൽ വലിയ സ്വീകാര്യതയണ് സൃഷ്ടിച്ചത്.

നായർബിൽ ആണ് ആ സമുദായത്തിന്റെ മാറ്റത്തിന് കാരണമായത്. നമ്പൂതിരിയും ക്ഷത്രിയരും നായർ ബന്ധത്തിലുള്ള സന്താനങ്ങളെ പരിഗണിച്ചിരുന്നില്ല. സംബന്ധക്കാരനായ നമ്പൂതിരിയുടെ

സ്വത്തിന്റെ അവകാശം സന്തതികൾക്കും കൈവരുന്നതായിരുന്ന നായർ ബിൽ. പത്മനാഭസ്വാമി ക്ഷേത്രത്തിലെ ആറാട്ടുഘോഷയാത്രയിൽ വിളക്കേന്തുന്ന നായർ സ്ത്രീക്ക് മാറു മറയ്ക്കാനുള്ള അവകാശം തിരുവിതാംകൂർ ഭരണാധികാരിയായിരുന്ന റാണി ലക്ഷ്മിഭായിയുടെ ഭരണകാലത്താണ് ലഭ്യമായത്. എൻ.എസ്.എസിന്റെ സമുദായ പരിഷ്കരണയോഗങ്ങളിൽ അദ്ധ്യക്ഷപദവി അലങ്കരിച്ചത് സ്ത്രീകളാണെന്നതും ശ്രദ്ധേയമാണ്. സമുദായാചാര്യനായ മന്നത്ത് പത്മനാഭന്റെ ദീർഘവീക്ഷണത്തിന്റെ ഭാഗമായിതിനെ നോക്കിക്കാണാം. വനിതാ വിമോചന പ്രസ്ഥാനത്തിന് നേതൃത്വം നൽകിയ കുഞ്ഞിക്കുട്ടി തങ്കച്ചി, തരവത്ത് അമ്മാളുഅമ്മ, തോട്ടക്കാട് ഇക്കാവമ്മ, കെ. സരസ്വതിയമ്മ തുടങ്ങിയവർ നായർ സമുദായ സ്ത്രീ മുന്നേറ്റ പരിഷ്കർത്താക്കളിൽ പ്രമുഖരാണ്.

അയിത്താചാരത്തിനെതിരെയുള്ള ബഹുജന സമരപരിപാടികൾ കേരളത്തിൽ ഊർജ്ജിതമായി നടപ്പിലായി. മനുഷ്യനെ മനുഷ്യനായി അംഗീകരിക്കുന്നതിന്റെ ആദ്യപടി 1924-ലെ വൈക്കം സത്യാഗ്രത്തിൽ ദർശിക്കാം. പൊതുവഴിയിലെ സഞ്ചാരസ്വാതന്ത്ര്യവും വിദ്യാഭ്യാസവുമാണ് ഏക പോംവഴിയെന്ന് അയ്യൻകാളിയും പണ്ഡിറ്റ് കറുപ്പനും സഹോദരൻ അയ്യപ്പനും ചട്ടമ്പിസ്വാമികളും ഉദ്ഘോഷിച്ചു.

മതന്യൂനപക്ഷങ്ങളായ ക്രിസ്ത്യാനികളും മുസ്ലീങ്ങളും ജാതിക്കതീതമായ മുന്നേറ്റം വിദ്യാഭ്യാസത്തിലൂടെ നേടിയെടുത്തു. അയിത്തത്തിനെതിരെ ക്രിസ്ത്യൻ മിഷണറിമാർ നടത്തിയ ധീരമായ നിലപാടുകൾ സ്മരണീയമാണ്. കേരളത്തിലെ ആദ്യകലാലയമായ സി.എം.എസ്. കോളേജ് വിദ്യാഭ്യാസമേഖലയിൽ ഇരുന്നൂറ് കൊല്ലത്തിലധികമായി ചരിത്രസത്യമായി നിലകൊള്ളുന്നു. ക്രിസ്ത്യൻ പിന്തുടർച്ചാവകാശം കോടതി വിധിയിലൂടെ നേടിയെടുത്ത മേരി റോയിയുടെ നിലപാടുകളും അവർ സ്ഥാപിച്ച പള്ളിക്കൂടവും ധീരമായ ചുവടുവെയ്പുകൾ തന്നെയാണ്.



മതവിദ്യാഭ്യാസത്തോടൊപ്പം ആധുനിക പൊതുവിദ്യാഭ്യാസവും അനിവാര്യമാണെന്ന തിരിച്ചറിവ് ഇതര നവോത്ഥാന പ്രവർത്തനങ്ങൾ മുസ്ലീം നവോത്ഥാനത്തിനും മാതൃകയായി. സ്ത്രീവിദ്യാഭ്യാസത്തെയും സ്ത്രീസമത്വത്തെയും കുറിച്ചുള്ള മക്തിതങ്ങളുടെ ചിന്തകൾ മുസ്ലീമിന്റെ നവോത്ഥാന ചിന്തകൾക്ക് ആദ്യം തിരി പകർന്നു. മറ്റു പരിഷ്കരണ പ്രസ്ഥാനങ്ങളുടേതുപോലെ മുസ്ലീം സ്ത്രീപരിഷ്കരണത്തിന്റെയും നേതൃത്വം പുരുഷനിൽ തന്നെയായിരുന്നു. സനാ ഉള്ള മക്തിതങ്ങൾ, കുഞ്ഞഹമ്മദ്, വക്കം അബ്ദുൾ ഖാദർ മൗലവി എന്നിവരുടെ പരിശ്രമഫലമായി മുസ്ലീം സ്ത്രീകളുടെ മുന്നേറ്റമുണ്ടായി. 1921-ൽ രചിക്കപ്പെട്ട പുത്തൂർ ആമിനയുടെ കത്തുപാട്ടിനെ ഒരു സ്ത്രീയുടെ ചങ്കൂറ്റവും സ്വാതന്ത്ര്യവുമായ തെരഞ്ഞെടുപ്പായി കാണാം. ജയിലിൽനിന്നു ശിക്ഷ കഴിഞ്ഞു മടങ്ങിയ കേഡിയുടെ വിവാഹാഭ്യർത്ഥനയ്ക്കുള്ള മറുപടിയാണീ കത്തുപാട്ട്. മോയിൻകുട്ടി വൈദ്യർ തന്റെ കവിതയിലൂടെ സ്ത്രീ സ്വാതന്ത്ര്യത്തിനു വേണ്ടിയുള്ള പ്രഖ്യാപിത കലാപമായി പ്രണയത്തെ 'ഹുസുനൽ ജമാലി'ലൂടെ അവതരിപ്പിക്കുന്നു.

ഭിന്നസ്വഭാവമുള്ള പഠനങ്ങളിലും ചർച്ചകളിലും മുസ്ലീം സ്ത്രീയുടെ അവസ്ഥയ്ക്ക് അത്രകണ്ട് മാറ്റങ്ങളില്ല. ഷംഷാദ് ഹുസൈൻ മലബാർ കലാപത്തിന്റെ വാമൊഴി പാരമ്പര്യം എന്ന പി.എച്ച്.ഡി. പ്രബന്ധത്തിൽ ചെറുത്തുനില്പിന്റെ സ്ത്രീ അവസ്ഥകളെ പരാമർശിക്കുന്നുണ്ട്. മലബാർ കലാപകാലത്ത് പട്ടാളക്കാരുടെ കാർക്കശ്യതയെ അതിജീവിച്ച മാപ്പിള സ്ത്രീകളുടെ മുന്നേറ്റം നവോത്ഥാന കാലത്തെ വൈകാരിക-വൈചാരിക വിജ





യമായി കാണേണ്ടിയിരിക്കുന്നു. അഭ്യസ്തവിദ്യരും മതപണ്ഡിതരുമായ സ്ത്രീകളെ സാമൂഹ്യനിർമ്മിതിക്ക് ഫലപ്രദമായി സജ്ജരാക്കാൻ ഇനിയും ബഹുദൂരം മുന്നോട്ട് പോകേണ്ടതുണ്ട്. നിലമ്പൂർ അയിഷ, ഷാഹിദ കമാൽ, ഷീന ഷുക്കൂർ തുടങ്ങിയവരെപ്പോലെ മികച്ച സംഭാവന നൽകിയവർ മുസ്ലീം സ്ത്രീ മുന്നേറ്റത്തിന് മാതൃകകളാണ്.

## സ്ത്രീ വിദ്യാഭ്യാസത്തിന്റെ സംഭാവനകൾ

വിദ്യാഭ്യാസം നൽകിയ മാന്യതയും പുരോഗതിയും സാമ്പത്തിക സ്വാശ്രയത്വം ഉറപ്പാക്കുന്നതിൽ മുഖ്യ പങ്ക് വഹിച്ചു. അധികാരം, അവകാശം, ഭരണഘടന തുടങ്ങിയവയെക്കുറിച്ച് പൊതുബോധം സൃഷ്ടിക്കാൻ വിദ്യാഭ്യാസം കൂടിയേ തീരൂ. ഗാർഹികപീഡനം, സ്ത്രീധനം, കുറഞ്ഞ വേതനം തുടങ്ങിയ സാമൂഹിക തിന്മകൾക്കെതിരെ പോരാടാൻ വിദ്യാഭ്യാസം സ്ത്രീക്ക് അനുപേക്ഷണീയമാണ്.

## സ്ത്രീ നവോത്ഥാനത്തിന്റെ കേരള മോഡൽ

തോട്ടിയിൽനിന്നും മാന്യതയുള്ള തൊഴിലാളി എന്ന ചിന്തയുടെ പരിപാകം നവോത്ഥാനത്തിൽനിന്നാണ് സാധ്യമായിത്തീർന്നത്. തൊഴിൽ ശക്തികളുടെ വികാസമാണ് മനുഷ്യചരിത്രത്തിന്റെ വികാസചരിത്രമെന്ന് മാർക്സ് രേഖപ്പെടുത്തിയിട്ടുണ്ട്. തൊഴിൽബന്ധങ്ങളെ മാറ്റിപ്പണിതതിലൂടെയാണ് സാമൂഹിക പുരോഗതി സൃഷ്ടിക്ക



പ്പെട്ടിട്ടുള്ളത്.

1922-ൽ ആദ്യ തൊഴിലാളി സംഘടനയായ തിരുവിതാംകൂർ ലേബർ അസോസിയേഷൻ രൂപംകൊണ്ടു. അനന്തരം സേവന-വേതന വ്യവസ്ഥകൾ പരിഷ്കരിക്കപ്പെട്ടു. പാരമ്പര്യ തൊഴിലിടങ്ങൾ സാങ്കേതികവിദ്യയ്ക്ക് വഴിമാറുമ്പോൾ കേരളത്തിന്റെ സ്ത്രീ നവോത്ഥാന മുന്നേറ്റങ്ങൾ ബഹുദൂരം മുന്നോട്ട് സഞ്ചരിച്ചിട്ടുണ്ടെന്ന് പറയാം.

1927-ൽ രൂപീകരിച്ച ആൾ ഇന്ത്യ വിമൻസ് കോൺഗ്രസ് (AWC) നവോത്ഥാനാശയങ്ങളുടെ പ്രതിഫലനമാണ്. മലബാറിൽ അതിന്റെ ഘടകം സ്വാതന്ത്ര്യസമരത്തിന്റെ ഭാഗമായി സജീവമായി. ഇന്ത്യയിലെ മഹിളാ പ്രസ്ഥാനത്തിന്റെ മുഖ്യമായ അജണ്ട സമത്വമായിരുന്നു. അഖിലേന്ത്യാ മഹിളാ കോൺഗ്രസാണ് ഇന്ത്യയിലെ ആദ്യ വനിതാ സംഘടനയെന്ന് ചരിത്രം വെളിപ്പെടുത്തുന്നുണ്ട്. സ്വാതന്ത്ര്യസമരവും ജനാധിപത്യവൽക്കരണവും സമ്മേളിച്ചതിന്റെ ഉപോല്പന്നമായി മഹിളാ കോൺഗ്രസ്സിനെ കണക്കാക്കാം.

ഇന്ത്യയിലെ ബൂർഷ്വാ നടപടികൾക്കുള്ള മറുപടിയായാണ് ഇടതുപക്ഷ വനിതാസംഘത്തിന്റെ ആവിർഭാവം സംജാതമായത്. പരമ്പരാഗത തൊഴിൽ മേഖലകളിലെ വ്യാപകമായ പിരിച്ചുവിടലിനെതിരെ ശക്തിയുക്തം എതിർത്ത വനിതാപ്രക്ഷോഭം തുല്യജോലിക്ക് തുല്യവേതനം എന്ന നയം 1970-ൽ നടപ്പിലാക്കി.

ആദ്യകാലത്ത് ദേശീയ മഹിളാപ്രസ്ഥാനം, വിധവാവിവാഹത്തിന്റെ പ്രോത്സാഹനം ജീവിതംകൊണ്ട് നടപ്പിലാക്കിയ എൻ. കാർത്ത്യായനിയമ്മയുടെ നേതൃത്വത്തിലാണ് മുന്നേറിയത്. യോഗക്ഷേമ സഭയുടെ മഹിളാവിഭാഗമായ 'അന്തർജ്ജന സമാജം', 1980-കളിൽ രൂപംകൊണ്ട് സ്ത്രീനാടകവേദി, ഫെമിനിസ്റ്റ് ആശയധാരകൾ, മാനുഷി, അന്വേഷി, ബോധന, ചേതന എന്നീ സ്ത്രീ മുന്നേറ്റപ്രസ്ഥാനങ്ങൾ സ്ത്രീകളുടെ സാമൂഹ്യ-രാഷ്ട്രീയ-സാംസ്കാരിക പ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിച്ചു.

സ്ത്രീമാസികകളും സാഹിത്യപ്രവർത്തനങ്ങളും നവനവങ്ങളായ ആശയങ്ങൾക്ക് കളമൊരുക്കി. വീടിനുള്ളിൽ നിന്നുകൊണ്ടും സ്വയം പരിഷ്കൃതമായി സമൂഹത്തിലിറങ്ങേണ്ടതിന്റെ ആവശ്യകത ദേവകി നരിക്കാട്ടിരിയുടെ "സ്ത്രീ അടുക്കള ഉപേക്ഷിക്കരുത്" എന്ന ലേഖനം വ്യക്തമാക്കുന്നുണ്ട്. ശാരദ, വനിതാകുസുമം മാസികകളിൽ സ്ത്രീ വിദ്യാഭ്യാസത്തിന്റെ മേന്മ പ്രചരിച്ചു. സ്ത്രീക്ക് വ്യക്തമായ നിലപാടും ചിന്തയുമുണ്ടെന്ന് കെ. സരസ്വതിയമ്മയുടെ പെൺബുദ്ധി, ചോലമരങ്ങൾ, സാറാ ജോസഫിന്റെ ഓരോ എഴുത്തുകാരിയുടെ ഉള്ളിലും, അശോക, തായ്കുലം, ശൂർപ്പണഖ എന്നീ കഥകൾ വ്യക്തമാക്കുന്നുണ്ട്. ലളിതാംബിക അന്തർജ്ജനത്തിന്റെ ആത്മകഥയ്ക്കൊരാമുഖവും, അഗ്നിസാക്ഷിയും, സാവിത്രിയും ചിന്തയുടെ തീക്ഷ്ണത വിളിച്ചോതുന്ന കൃതികളാണ്. സി.എസ്. ചന്ദ്രികയുടെ കേരളത്തിലെ സ്ത്രീമുന്നേറ്റ ചരിത്രം എന്ന



പഠനത്തിൽ ഗവേഷണത്തിന്റെ സൂക്ഷ്മതക്കുറവുണ്ടെങ്കിലും ചരിത്ര പാഠമായി എണ്ണേണ്ടിവരും. കാതലായ ഗവേഷണ കൗതുകവും സ്ത്രീ അനുഭവങ്ങളുടെ കാലാനുസൃതമായ വളർച്ചയും സജിത മഠത്തിൽ രചിച്ച മലയാള സ്ത്രീനാടക ചരിത്രത്തെ കേരള മോഡലായി ചൂണ്ടിക്കാണിക്കാം.

സങ്കീർണ്ണമായ സാമൂഹ്യകെട്ടുപാടുകളുടെ കുടിക്കുഴഞ്ഞ ജീവിതം സി.കെ. ജാനുവിന്റെ 'എന്റെ കുട്ടിക്കാല'ത്തിൽ ദർശിക്കാം. പി. വത്സല, ധന്യ എം.ഡി., രേഖ രാജ്, അമ്മു ദീപ, വിനിൽ പോൾ, സണ്ണി എം. കപിക്കാട്, ടി.എം. യേശുദാസൻ എന്നിവരുടെ രചനകളിലും ഉത്കർഷേച്ഛയിലേക്ക് കുതിക്കുന്ന ദളിത് അവസ്ഥയുടെ ചിതറിയ ജീവിതദൈന്യങ്ങളെ കണ്ടെത്താം.

കേരളത്തിലെ സ്ത്രീകളുടെ അന്തസ്സും സംരക്ഷണവും ഉറപ്പാക്കിക്കൊണ്ട് സംസ്ഥാന വനിതാ കമ്മീഷൻ 1996 മുതൽ പ്രാബല്യത്തിലുണ്ട്. സങ്കീർണ്ണ പ്രശ്നങ്ങളുടെ ആധിക്യങ്ങൾക്ക് ഒരുറുതിയോളം പരിഹാരം കാണാൻ വനിതാ കമ്മീഷന് സാധിച്ചിട്ടുണ്ട്.

1859-ലെ ചാന്നാർ ലഹള, 1920-കളിലെ കല്ലുമാലസമരം, 1940-45 കളിലെ തോൽവിറക് സമരം, സി.കെ. ജാനു, സെലീന പ്രക്കാനം തുടങ്ങിയവരടങ്ങിയ ചെങ്ങറ ഭൂസമരം തുടങ്ങിയവ കേരളത്തിലെ സ്ത്രീപക്ഷ സമരങ്ങളാണ്. നീതിയുക്തമല്ലാത്ത ഏതുതരം രാഷ്ട്രീയസംവിധാനത്തോടും പ്രതിഷേധിക്കുന്ന രീതി കേരളീയ സ്ത്രീ മുന്നേറ്റത്തിലുണ്ട്. മുലക്കരത്തിനെതിരെ സ്വന്തം മുല ചീന്തിയെറിഞ്ഞ നങ്ങേലി കേരളചരിത്രത്തിലെ അന്നുവരെയില്ലാത്ത പ്രതിഷേധത്തിന്റെ ഉറച്ച പോർമുഖമാണ്. ആദ്യകാലം മാവോയിസ്റ്റായും പിന്നീട് ബോധന എന്ന സംഘടന 'അന്വേഷി' എന്ന പേരിൽ സജീവമാക്കിയ കെ. അജിതയുടെ ഓർമ്മക്കുറിപ്പുകളും സമര മുറകളും പോരാട്ടവും തുല്യം ചാർത്താനായി കേരളത്തിൽ ആരുമില്ല. എൻഡോസൾഫാൻ വിഷബാധയ്ക്ക് ഇരയായ ജനതയുടെ ആരോഗ്യപരിരക്ഷയെ കരുതി കേരള സർക്കാരിനോട് സന്ധിയില്ലാ സമരം, നിരാഹാരം അനുഷ്ഠിച്ച ദയാബായി കേരളീയ സമരമുഖത്തിന്റെ ഇച്ഛാശക്തിയാണ്. പ്രകൃതിയിൽ 'കൃഷ്ണവനം' എന്ന നിർമ്മിത വനമാതൃക നടപ്പിലാക്കിയ സുഗതകുമാരി പശ്ചിമഘട്ട മലനിരകളുടെ തനിമയ്ക്കായി വാദിച്ച സ്ത്രീരത്നമാണ്. 'അഭയ' എന്ന സ്ഥാപന നടത്തിപ്പിലൂടെ നിർദ്ധനരുടെ ആശ്രയമായിരുന്ന കവി കൂടിയായ സുഗതകുമാരി. കോളക്കമ്പനിക്കെതിരെ ആഗോളശ്രദ്ധ നേടിയ മയിലമ്മയുടെ ഒറ്റയാൾ പോരാട്ടം നവോത്ഥാന കേരളത്തിലെന്നല്ല, ലോകത്തിന് തന്നെ മികച്ച മാതൃകയാണ്. ആഗോള ഭീമൻ മുതലാളിത്തത്തിനെതിരെ തലമുറയുടെ തെളിനീരിനുവേണ്ടി ജീവിതം ഉഴിഞ്ഞ മയിലമ്മ കേരളീയ സ്ത്രീ മുന്നേറ്റ ചരിത്രത്തിലെ നാഴികക്കല്ലായ വ്യക്തിത്വത്തിനുടമയാണ്.

കേരളീയ രാഷ്ട്രീയ ചരിത്രത്തിൽ 1992-ൽ പാസാക്കിയ പഞ്ചായത്തീരാജ് ഭേദഗതിബിൽ സ്ത്രീകൾക്ക് അനുകൂലമായ രാഷ്ട്രീയപ്രവേശന സാധ്യത നിഷ്പ്രയാസമാക്കിത്തീർത്തു. ഗൗരിയമ്മയും സുശീല ഗോപാലനും അക്കാമ്മ ചെറിയാനും രാഷ്ട്രീയ പ്രതിസന്ധികളെ അതിജീവിച്ച് നിലനിന്നവരാണ്. അന്ന ചാണ്ടി, കെ.പി.എ.സി. ലളിത, സുലോചന, പി.കെ. മേദിനി, ആര്യാപള്ളം, കൗമുദി ടീച്ചർ എന്നിവർ സാമൂഹ്യ-സാംസ്കാരികതയുടെ സ്ത്രീ മുന്നേറ്റങ്ങളാണ്.

ആരോഗ്യമേഖലയിൽ കോവിഡ് കാലം നൽകിയ പ്രതിസന്ധികളെ മലയാളികൾക്ക് തരണം ചെയ്യാൻ പ്രാപ്തയായ മുൻ ആരോഗ്യമന്ത്രി കെ. കെ. ശൈലജ ടീച്ചർ ദേശീയതലത്തിൽ ജനശ്രദ്ധ നേടിയ വ്യക്തി കൂടിയാണ്. ആതുരസേവനരംഗത്തും അങ്കണവാടികളിലും കുടുംബശ്രീ മിഷൻ നടപ്പിലാക്കിയ പ്രവർത്തനങ്ങൾ കോവിഡാനന്തര കേരളത്തെ കൈപിടിച്ചുയർത്തി എന്നതും ശ്രദ്ധേയമാണ്.

കാർഷികപ്രശ്നങ്ങൾക്കൊപ്പം ജന്മിത്തം, പട്ടിണി, പൂഴ്ത്തിവെയ്പ് എന്നിവയ്ക്കെതിരെ സമരപരിപാടി ആഹ്വാനം ചെയ്ത വ്യക്തിയാണ് മണ്ണാത്തിക്കണ്ടിയിൽ മാതമ്മ. അടിയന്തരാവസ്ഥ കാലത്തും പിന്നീടും അദ്ധ്വാനംകൊണ്ട് ഒപ്പം നിന്നവരെ പ്രചോദിപ്പിച്ച വ്യക്തിത്വങ്ങൾ അനവധിയാണ്.

കായികമേഖലയിലെ പി.ടി. ഉഷ, അഞ്ജു ബോബി, പ്രീജ ശ്രീധർ, ചിത്ര സോമൻ തുടങ്ങിയവരും കേരളത്തിന്റെ സ്ത്രീ മുന്നേറ്റ ചരിത്രത്തിലെ ഉജ്ജ്വല നക്ഷത്രങ്ങളാണ്.

ലോകത്തിൽ എറ്റവുമധികം സ്ത്രീ സംരക്ഷണയുള്ള രാജ്യം ഇന്ത്യയും സാംസ്കാരിക വേരോട്ടമുള്ള സംസ്ഥാനം കേരളവുമാണ്. മൂല്യാധിഷ്ഠിത വിദ്യാഭ്യാസത്തിന്റെയും ആയോധന കലയുടെയും പ്രാവീണ്യം സ്വരക്ഷയ്ക്കായി നവോത്ഥാന കേരളത്തിലെ സ്ത്രീകൾ ആർജ്ജിക്കേണ്ടിയിരിക്കുന്നു. കേരളത്തിലെ സ്ത്രീകൾ പ്രതികരണശേഷിയുള്ളവരായിത്തീരാൻ, ലഹരിവിമുക്ത നാടിന്റെ പ്രവർത്തനങ്ങളിൽ പങ്കാളികളാവുകയും അതിജീവന പാഠങ്ങളെ ഉൾക്കൊള്ളുകയും രാഷ്ട്രീയകരുത്താർജ്ജിക്കുകയും വേണം. ഇങ്ങനെ മനുഷ്യജീവിതത്തിന്റെ സമസ്തമേഖലകളിലും കേരളത്തിന്റെ സ്ത്രീമുന്നേറ്റ ചരിത്രം ലോകത്തിനുതന്നെ മാതൃകയാണെന്ന് പറയാം.

സഹായകഗ്രന്ഥങ്ങൾ

അഷ്റഫ്, എ. 2007, മുസ്ലീം നവോത്ഥാനത്തിന്റെ പടിയിറക്കം, മാതൃഭൂമി ബുക്സ്, കോഴിക്കോട്.

ദേവിക, ജെ. 2011, കുലസ്ത്രീയും ചന്തപ്പെണ്ണും ഉണ്ടായതെങ്ങനെ, സെന്റർ ഫോർ ഡെവലപ്പ്മെന്റ് സ്റ്റഡീസ്, തിരുവനന്തപുരം.

ജയകൃഷ്ണൻ, എൻ (എഡി.), 2002, പെണ്ണെഴുത്ത്, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.

ശ്രീകുമാരി, എസ്. 2019, കേരളസ്ത്രീ നവോത്ഥാനചരിത്രം, ചിന്ത പബ്ലിക്കേഷൻസ്, തിരുവനന്തപുരം.

ഡോ. സുബോജ് ബേബിക്കുട്ടി
മാർ ഇവാനിയോസ് കോളേജ്, തിരുവനന്തപുരം

# അമീബിക് മസ്തിഷ്ക ജ്വരം: ഭീഷണിയും പ്രതിരോധവും

ജലദോഷം, ചൂടുപനി, ചിക്കൻ പോക്സ്, മുണ്ടിനീര്, മഞ്ഞപിത്തം, ഇതൊക്കെയായിരുന്നു നമ്മുടെ കുട്ടിക്കാലത്തെ പ്രധാന രോഗങ്ങൾ! ജലദോഷവും പനിയുമായിരുന്നു മടിപിടിച്ച് സ്കൂളിൽ പോകാതിരുന്ന നമ്മുടെ അവധി അപേക്ഷകളിലെ പ്രധാന താരങ്ങൾ. കാലം മാറി അതിഥികളും മാറി! ഡെങ്കു, ചിക്കൻ ഗുനിയ, പക്ഷി പനി (Bird flu), പന്നി പനി (H1N1), നിപ തുടങ്ങി കണ്ടിട്ടും കേട്ടിട്ടും ഇല്ലാത്തവരൊക്കെ രഹസ്യമായി കടന്നുവന്ന് നമുക്കിടയിൽ സ്ഥിരതാമസമാക്കി.

കുളി മലയാളിയുടെ ഒരു സ്വകാര്യ അഹങ്കാരമാണ്. കാലത്തും വൈകിട്ടുമുള്ള വിശാലമായ കുളി! സായിപ്പ് ബാത് ടബിലെ ഇത്തിരി പോന്ന വെള്ളത്തിൽ ഞെങ്ങി ഞെരുങ്ങിയപ്പോൾ നമ്മൾ മലയാളികൾ പുഴയിലും കുളങ്ങളിലും വെള്ളത്തിന്റെ സമൃദ്ധിയിൽ നീരാടി. വെള്ളത്തിന്റെ ആഴങ്ങളിലേക്ക് മുങ്ങാംകുഴിയിട്ടു! കുളി നമ്മുടെ സംസ്കാരത്തിന്റെ ഒരു ഭാഗം തന്നെയായിരുന്നു. പക്ഷേ, ഇന്ന് സ്ഥിതി മാറിയിരിക്കുന്നു. ഒരുകാലത്ത് സ്നേഹിച്ച പുഴകളെയും കുളങ്ങളെയും ഒട്ടൊരു ഭീതിയോടെയാണ് നാമിന്ന് കാണുന്നത്. അവ അദൃശ്യ ശത്രുവിന്റെ ആവാസവ്യവസ്ഥയായി മാറുന്നോ?

അമീബിക് മസ്തിഷ്ക ജ്വരത്തിനു (Primary Amebic Meningoencephalitis - PAM) കാരണമാകുന്ന നിഗ്ലേറിയ ഫൗളേറി (Naegleria fowleri) എന്ന സ്വതന്ത്ര അമീബയാണ് ഈ മനം മാറ്റത്തിന്റെ കാരണക്കാരൻ.

### കേരളത്തിലെ സ്ഥിതിവിവരക്കണക്കുകൾ

കേരളത്തിൽ അമീബിക് മസ്തിഷ്ക ജ്വരക്കേസുകൾ കൂടിവരികയാണെന്ന് സ്ഥിതിവിവര കണക്കുകൾ സൂചിപ്പിക്കുന്നു. 2016 മുതൽ 2024 വരെ 15 PAM കേസുകളാണ് കേരളത്തിൽ റിപ്പോർട്ട് ചെയ്തിരുന്നത്. എന്നാൽ, മെച്ചപ്പെട്ട രോഗനിർണയ സൗകര്യങ്ങൾ കാരണം സമീപ വർഷങ്ങളിൽ കേസുകളുടെ എണ്ണം വർധിച്ചു.

മരണനിരക്ക് ആഗോളതലത്തിൽ 97% മുതൽ 99% വരെയാണ് എന്നതാണ് ഈ രോഗത്തെ ഭീകരമാക്കുന്നത്. എന്നാൽ, കേരളത്തിലെ

| വർഷം | ആകെ കേസുകൾ | ആകെ മരണങ്ങൾ | മരണനിരക്ക് (കേരളത്തിൽ) |
|---|---|---|---|
| 2024 | 36 | 9 | 25.0% |
| 2025 (ഒക്ടോബർ വരെ) | 104 - 144* | 23 - 30* | 20% മുതൽ 24% വരെ |

മരണനിരക്ക് 20% മുതൽ 24% വരെയായി കുറയ്ക്കാൻ സാധിച്ചത് ശ്രദ്ധേയമായ നേട്ടമാണ്. കൃത്യസമയത്തുള്ള രോഗനിർണയവും ചികിത്സാ പ്രോട്ടോക്കോളും വഴി അതിജീവന നിരക്ക് (Survival Rate) 76% മുതൽ 80% വരെയാക്കാൻ കേരളത്തിന് സാധിച്ചു.



### എന്താണ് അമീബിക് മസ്തിഷ്ക ജ്വരം?

മുകളിൽ പ്രസ്താവിച്ച പോലെ പ്രധാനമായും നിഗ്ലേറിയ ഫൗളേറി (Naegleria fowleri) എന്ന സ്വതന്ത്ര അമീബ ഉണ്ടാക്കുന്ന, തലച്ചോറിന് ബാധിക്കുന്ന, ഒരു ഗുരുതര രോഗമാണ് അമീബിക് മസ്തിഷ്ക ജ്വരം. രോഗബാധ വളരെ വിരളമാണ്. എന്നാൽ രോഗം ബാധിച്ചാൽ അതീവ അപകടകാരിയും മാരകവുമാണ്. ഈ അമീബ അറിയപ്പെടുന്നത് തന്നെ 'തലച്ചോറ് തിന്നുന്ന അമീബ' എന്ന പേരിലാണ്! ശാസ്ത്രീയ പഠനങ്ങൾ വെളിപ്പെടുത്തുന്നത് നിഗ്ലേറിയ ഫൗളേറി മാത്രമല്ല ഏക പ്രതി എന്നതാണ്. ഇയാളുടെ ബന്ധുക്കളായ അക്കന്തമീബ (Acanthamoeba), ബാലമൂത്തിയ മാൻഡ്രില്ലാരിസ് (Balamuthia mandrillaris) എന്നിവരും ഇതിൽ പങ്കാളികളാണ്.

### നിഗ്ലേറിയ ഫൗളേറിയുടെ വിശേഷങ്ങൾ

മണ്ണും ഇളം ചൂടുള്ള ജലാശയങ്ങളുമാണ് ഫൗളേറിയുടെ ഇഷ്ട വാസസ്ഥലങ്ങൾ! സ്വതന്ത്ര ജീവിതം നയിക്കുന്ന ഇവർക്ക് ഒഴുക്ക് വെള്ളം ഇഷ്ടമില്ല. കെട്ടിക്കിടക്കുന്ന വെള്ളമാണ് പഥ്യം. പ്രകൃതിദത്തമായ ജലാശയങ്ങൾ വേണമെന്ന വാശിയൊന്നും ഫൗളേറിക്ക് ഇല്ല. കൃത്യമായി പരിപാലിക്കപ്പെടാത്ത നീന്തൽ കുളങ്ങളിലും ജലസംഭരണികളിലുമെല്ലാം ഇവർ കാണപ്പെടും.

### അമീബ തലച്ചോറിൽ എത്തുന്നത് എങ്ങനെ?

നിഗ്ലേറിയ ഫൗളേറിക്ക് ചില നിർബന്ധ ബുദ്ധി ഒക്കെയുണ്ട്. ഏതു മാർഗ്ഗത്തിലൂടെയും നമ്മുടെ ശരീരത്തിൽ പ്രവേശിക്കുകയൊന്നുമില്ല. മൂക്കാണ് അദ്ദേഹത്തിന്റെ ഇഷ്ട പ്രവേശന മാർഗ്ഗം.

മഴക്കാലത്തും ആളുകൾ കുളിക്കുമ്പോഴും ജലാശയങ്ങളുടെ അടിത്തട്ട് ഇളകുകയും അവിടെ നിന്ന് അമീബ വെള്ളത്തിലേക്ക് വ്യാപിക്കുകയും ചെയ്യുന്നു. നമ്മൾ മുങ്ങിക്കുളിക്കുമ്പോൾ മൂക്കുവഴി അമീബ ശരീരത്തിൽ പ്രവേശിക്കും. അവിടെനിന്ന് ഘ്രാണ നാഡിയിലൂടെ (olfactory nerve) സഞ്ചരിച്ച്, മൂക്കിനെയും മസ്തിഷ്കത്തെയും വേർതിരിക്കുന്ന നേർത്ത അസ്ഥിയായ ക്രിബിഫോം പ്ലേറ്റ് (cribriform plate) കടന്ന് തലച്ചോറിൽ എത്തിച്ചേരുന്നു. അവിടെ, തലച്ചോറിന്റെ സംരക്ഷണ കവചങ്ങളെ (meninges) ആക്രമിച്ച്, തലച്ചോറിൽ നീർവീക്കം ഉണ്ടാക്കി ഗുരുതരമായ നാഡീരോഗ ലക്ഷണങ്ങൾ ഉണ്ടാക്കുന്നു. ഓർക്കുക; മൂക്കിലൂടെ മാത്രമേ ഫൗളേറി ശരീരത്തിൽ പ്രവേശിക്കുകയുള്ളൂ. അതുകൊണ്ട് ഫൗളേറി അടങ്ങിയ വെള്ളം കുടിക്കുന്നത് ഒരിക്കലും രോഗം ഉണ്ടാക്കില്ല.

### രോഗലക്ഷണങ്ങൾ

രോഗലക്ഷണങ്ങൾ പ്രത്യക്ഷപ്പെടാൻ 12 ദിവസങ്ങൾ വരെ എടുത്തേക്കാം.

- കടുത്ത തലവേദന
- പനി




- ഓക്കാനവും ഛർദിയും
- പിടലി വേദന
- ആശയക്കുഴപ്പവും വിഭ്രാന്തിയും
- ബോധക്ഷയം

തുടങ്ങിയവയാണ് സാധാരണ രോഗലക്ഷണങ്ങൾ. വിദഗ്ധ ചികിത്സ ലഭിച്ചില്ലെങ്കിൽ രോഗലക്ഷണങ്ങൾ പ്രത്യക്ഷപ്പെട്ട് അഞ്ചു മുതൽ ഏഴ് ദിവസത്തിനുള്ളിൽ മരണം സംഭവിക്കുന്നു. രോഗലക്ഷണങ്ങൾ കണ്ടാലുടൻ തന്നെ ചികിത്സ തേടുന്നത് മരണനിരക്ക് കുറയ്ക്കാൻ സഹായിക്കും.

## ചികിത്സാ രീതി

ആന്റിഫംഗൽ മരുന്നായ ആംഫോടെറിസിൻ ബി (Amphotericin B), അസിത്രോമൈസിൻ (Azithromycin), മൈക്കോനാസോൾ (Miconazole), റിഫാംപിൻ (Rifampin) എന്നീ മരുന്നുകൾ ചേർത്തുള്ള കോമ്പിനേഷൻ ഡ്രഗ്ഗ് തെറാപ്പിയാണ് സാധാരണയായി പിന്തുടരുന്നത്. മിൽടെഫോസിൻ (Miltefosine) എന്ന മരുന്നും ഫലപ്രദമായി ഉപയോഗിക്കുന്നുണ്ട്.

## എന്തുകൊണ്ട് കേരളത്തിൽ കേസുകൾ കൂടുന്നു?

2024–25 കാലഘട്ടത്തിൽ കേരളത്തിൽ അമീബിക് കേസുകളും ക്ലസ്റ്ററുകളും വർദ്ധിക്കുന്നതായി ആരോഗ്യവകുപ്പ് റിപ്പോർട്ട് ചെയ്തിരിക്കുന്നു. ഇതിന്റെ പ്രധാന കാരണങ്ങൾ ഇവയാണ്:

ആഗോളതാപനവും കാലാവസ്ഥാ വ്യതിയാനവും: 30 മുതൽ 45 ഡിഗ്രി സെൽഷ്യസ് വരെ ചൂടുള്ള വെള്ളത്തിലാണ് നിഗ്ലേറിയ ഫൗളേറി അമീബ നന്നായി വളരുന്നത്. അന്തരീക്ഷ താപനില വർദ്ധിക്കുന്നത് ഇവയുടെ വളർച്ചയ്ക്ക് അനുകൂല സാഹചര്യമൊരുക്കുന്നു.

മെച്ചപ്പെട്ട രോഗ പരിശോധനാ സൗകര്യങ്ങൾ: ആധുനിക മോളിക്യുലാർ ബയോളജി ലാബുകളുടെ എണ്ണത്തിൽ കേരളത്തിൽ ഉണ്ടായ വർദ്ധന കൃത്യമായ രോഗനിർണയത്തെ സഹായിക്കുകയും അതുവഴി തിരിച്ചറിയപ്പെടാതെ പോകുന്ന കേസുകളുടെ എണ്ണം കുറയ്ക്കുകയും ചെയ്യുന്നു.

ജലസ്രോതസ്സുകളുടെ മലിനീകരണം: കൃത്യമായ പരിപാലന ഇല്ലാത്തതു മൂലം പൊതു കുളങ്ങളിലും കിണറുകളിലും അമീബയുടെ എണ്ണം ക്രമാതീതമായി പെരുകുന്നതാണ് രോഗവർധനയുടെ മറ്റൊരു കാരണം.

മനുഷ്യന്റെ സ്വഭാവ രീതികൾ: വെള്ളം ശാസ്ത്രീയമായി ശുദ്ധീകരിക്കാത്തത്, മലിനജലം ഉപയോഗിച്ച് നാസാരന്ധ്രങ്ങൾ വൃത്തിയാക്കുന്നത്, മുങ്ങിക്കുളിക്കുമ്പോൾ മൂക്കിലൂടെ വെള്ളം കയറുന്നത് – എല്ലാം രോഗബാധയ്ക്ക് കാരണമാകാം.

## പ്രതിരോധ മാർഗങ്ങൾ

രോഗകാരിയായ അമീബ അടങ്ങിയ ജലാശയങ്ങളിൽ നീന്തുന്നതും മുങ്ങി കുളിക്കുന്നതും പരമാവധി ഒഴിവാക്കുക.

നീന്തുമ്പോൾ മൂക്കിനുള്ളിൽ വെള്ളം പോകാതെ തല ഉയർത്തിപ്പിടിക്കുകയോ, മൂക്ക് ക്ലിപ്പ് ഉപയോഗിച്ച് അടച്ചു വയ്ക്കുകയോ ചെയ്യുക.

മൂക്ക് വൃത്തിയാക്കുന്നതിന് തിളപ്പിച്ചാറിയതോ ശുദ്ധീകരിച്ചതോ ആയ വെള്ളം മാത്രം ഉപയോഗിക്കുക.

പൊതു ജലാശയങ്ങളും കിണറുകളും നീന്തൽ കുളങ്ങളും ശാസ്ത്രീയമായ രീതിയിൽ ക്ലോറിനേഷൻ നടത്തി അണുവിമുക്തമാക്കുക.

നിതാന്ത ജാഗ്രതയും സാമൂഹിക ബോധവൽക്കരണവും ആരോഗ്യകരമായ ജീവിത രീതികളും വിദഗ്ധ ചികിത്സാ സൗകര്യങ്ങളും സമന്വയിപ്പിക്കുക വഴി നിഗ്ലേറിയ ഫൗളറിക്ക് എതിരായ പോരാട്ടത്തെ നമുക്ക് വിജയകരമായി മുമ്പോട്ട് കൊണ്ടുപോകാം. കേരളം ഇതര സംസ്ഥാനങ്ങൾക്ക് ഒരു മാതൃകയാവട്ടെ.

# സംഘടനാവാർത്തകൾ

## മോഹനൻ കുന്നുമ്മലിനെ പുറത്താക്കണമെന്ന് ആവശ്യപ്പെട്ട് എ കെ പി സി ടി എ പ്രതിഷേധ ധർണ്ണ നടത്തി




കേരള സർവ്വകലാശാലയിലെ അക്കാദമിക- ഗവേഷണ പ്രവർത്തനങ്ങളിൽ സ്തംഭനാവസ്ഥ സൃഷ്ടിച്ച താൽക്കാലിക വൈസ് ചാൻസലർ മോഹനൻ കുന്നുമ്മലിനെ പുറത്താക്കുക, 300 ഓളം അധ്യാപകരുടെ പ്ലേസ്മെന്റ് / പ്രൊമോഷൻ അനുവദിക്കുക, 200 ഓളം അധ്യാപകരുടെ ഗവേഷണ വിഷയങ്ങൾ പരിഹരിക്കുക, അന്യായമായി സസ്പെന്റ് ചെയ്ത രജിസ്ട്രാറെ തിരിച്ചെടുക്കുക, ജാത്യധിക്ഷേപ വിഷയത്തിൽ കുറ്റാരോപിതയായ ഡീൻ ഡോ സി എൻ വിജയകുമാരിയെ പുറത്താക്കുക, നാല് വർഷ ബിരുദ പ്രോഗ്രാം നടത്തിപ്പ് താൽക്കാലിക വി സി അട്ടിമറിക്കാതിരിക്കുക, പരീക്ഷാ നടത്തിപ്പ് കാര്യക്ഷമമാക്കുക എന്നീ കാര്യങ്ങൾ ആവശ്യപ്പെട്ട് എ കെ പി സി ടി എ സംസ്ഥാന കമ്മിറ്റി കേരള സർവ്വകലാശാല ആസ്ഥാനത്ത് പ്രതിഷേധ പ്രകടനവും ധർണ്ണയും നടത്തി. ഐ ബി സതീഷ് എം എൽ എ ഉദ്ഘാടനം ചെയ്തു. എ കെ പി സി ടി എ സംസ്ഥാന പ്രസിഡന്റ് എ നിശാന്ത് അധ്യക്ഷത വഹിച്ചു. എ കെ പി സി ടി എ ജനറൽ സെക്രട്ടറി ഡോ ബിജുകുമാർ കെ, കേരള സർവ്വകലാശാല സിൻഡിക്കേറ്റ് അംഗം ഡോ ജെ എസ് ഷിജുഖാൻ, എഫ് എസ് ഇ ടി ഒ സംസ്ഥാന ട്രഷറർ എം ഷാജഹാൻ, എ കെ ജി സി ടി സംസ്ഥാന സെക്രട്ടറി ഡോ പ്രിൻസ് പി ആർ, എഫ് യു ടി എ വൈസ് പ്രസിഡന്റ് ഡോ വി ബിജു, കെ എൻ ടി ഇ ഒ സംസ്ഥാന വൈസ് പ്രസിഡന്റ് സജീരാജ് എസ്, കെ യു ഇ യു ജനറൽ സെക്രട്ടറി സജിത്ത്ഖാൻ എ എസ്, എ കെ പി സി ടി എ സംസ്ഥാന ട്രഷറർ ഡോ രേണുക എൻ, കേരള സർവ്വകലാശാല സിൻഡിക്കേറ്റ് അംഗം ഡോ മനോജ് ടി ആർ, സംസ്ഥാന സെക്രട്ടറി ഡോ സോജു എസ് എന്നിവർ സംസാരിച്ചു.

## എ കെ പി സി ടി എ മലപ്പുറം ജില്ലാ വനിതാ കമ്മിറ്റി പ്രഭാഷണ പരിപാടി സംഘടിപ്പിച്ചു.

കോട്ടക്കൽ: എ കെ പി സി ടി എ മലപ്പുറം ജില്ലാ വനിതാ കമ്മിറ്റി 'സ്ത്രീ : രാഷ്ട്രീയ കർതൃത്വവും തമസ്കരണത്തിന്റെ ചരിത്രവും' എന്ന വിഷയത്തിൽ പ്രഭാഷണ പരിപാടി സംഘടിപ്പിച്ചു. വി പി എസ് വി ആയുർവേദ കോളേജിൽ നടന്ന പരിപാടിയിൽ കോഴിക്കോട് ഗവൺമെന്റ് ആർട്സ് ആൻഡ് സയൻസ് കോളേജിലെ മലയാള വിഭാഗം അധ്യാപിക ഡോക്ടർ സോണിയ ഇ.പ. മുഖ്യ പ്രഭാഷണം നടത്തി. എ കെ പി സി ടി സംസ്ഥാന കമ്മിറ്റി സെക്രട്ടറി ഡോ. ബ്രിജേഷ് വി കെ ഉദ്ഘാടനം ചെയ്തു. പരിപാടിയിൽ മലപ്പുറം ജില്ലാ വനിതാ കമ്മിറ്റി കൺവീനർ ഡോ. ഷഹല കെ.പി. അധ്യക്ഷത വഹിച്ചു. ജില്ലാ സെക്രട്ടറി ഡോ. സനിൽ എ.എസ്., ഫാത്തിമ എ വി, ഡോ. കൃഷ്ണ പ്രഭ കെ.എസ്. എന്നിവർ സംസാരിച്ചു.


# സംഘടനാവാർത്തകൾ




കേരളസർക്കാർ ഗ്രന്ഥരചനാപുരസ്കാരം (2025) ഡോ. ശ്രീവൃന്ദാ നായർ എൻ (അസോസിയേറ്റ് പ്രൊഫസർ, എൻ എസ് എസ് ട്രെയിനിങ് കോളേജ്, പന്തളം) ബഹു. കേരള മുഖ്യമന്ത്രിയിൽ നിന്നും സ്വീകരിക്കുന്നു.

---

## സ്മരണാഞ്ജലി



വടക്കാഞ്ചേരി ശ്രീ വ്യാസ എൻഎസ്എസ് കോളേജ് ചരിത്ര വിഭാഗം അധ്യാപകനും പ്രിൻസിപ്പലും ആയിരുന്ന **പ്രൊഫ. എം.കെ.രാധാകൃഷ്ണൻ**



കൊല്ലം SN കോളേജ് ഇംഗ്ലീഷ് വിഭാഗത്തിലെ മുൻ അധ്യാപകനും AKPCTA യുടെ സജീവ പ്രവർത്തകനും മുൻ സെനറ്റ് അംഗവും എഴുത്തുകാരനുമായ **ഡോ. ശ്രീനിവാസൻ**



കേരള സർവ്വകലാശാല മുൻ വൈസ് ചാൻസലർ **ഡോ. വി.പി. മഹാദേവൻ പിള്ള**



കേരള യൂണിവേഴ്സിറ്റി മുൻ സിൻഡിക്കേറ്റ് അംഗവും AKPCTA നേതാവുമായിരുന്ന **പ്രൊഫ. എ. ആന്റണി.** ഫാത്തിമ കോളേജ് ഇംഗ്ലീഷ് വിഭാഗം പ്രൊഫസറായിരുന്നു.

## സംഘടനാവാർത്തകൾ

# ഉന്നതവിദ്യാഭ്യാസ മേഖലയിലെ പരിഷ്കരണത്തിന് തുടർച്ച ഉറപ്പാക്കാൻ മുന്നിട്ടിറങ്ങണം: എ കെ പി സി ടി എ സംസ്ഥാന പ്രവർത്തക ക്യാമ്പ്

വിദ്യാഭ്യാസരംഗത്ത് സാമൂഹ്യനീതിയെ തകർത്ത് സ്വകാര്യവിദ്യാഭ്യാസത്തിന് പ്രോത്സാഹനം നൽകുന്ന സംഘപരിവാർ നയത്തിന് അടിത്തറയിടുന്നതാണ് രാജ്യത്തെ പുത്തൻ വിദ്യാഭ്യാസനയമെന്ന് മുൻ എം പി ഡോ.പി കെ ബിജു പറഞ്ഞു. ക്യാമ്പ് വാഗമൺ എച്ച് ആർ ഡി കാമ്പസിൽ നടന്ന എ കെ പി സി ടി എ സംസ്ഥാന പ്രവർത്തക ക്യാമ്പ് 'വർഗീയവൽക്കരണം വിദ്യാഭ്യാസ മേഖലയിൽ - ബദലും പ്രതിരോധവും' എന്ന വിഷയത്തിൽ പ്രഭാഷണം നടത്തി ഉദ്ഘാടനം ചെയ്യുകയായിരുന്നു ഡോ പി കെ ബിജു.

പൊതുവേദികളിൽ ചർച്ച ചെയ്യാതെ നടപ്പാക്കിയ രാജ്യത്തെ ആദ്യത്തെ വിദ്യാഭ്യാസ നയമാണിത്. സ്വാതന്ത്ര്യത്തിന് വേണ്ടിയുള്ള സാംസ്കാരിക പ്രവർത്തനം എന്ന വിദ്യാഭ്യാസത്തിന്റെ ഉദാത്തമായ ലക്ഷ്യത്തിന് പകരം ചാതുർവർണ്യത്തെ പുനഃസൃഷ്ടിച്ച് രാജ്യപുരോഗതിക്ക് വിഘാതം സൃഷ്ടിക്കുകയാണ് കേന്ദ്രനയങ്ങൾ ചെയ്യുന്നത്. കപടശാസ്ത്രവും വളച്ചൊടിച്ച ചരിത്രവും പാഠ്യപദ്ധതിയിൽ കുത്തിനിറച്ച് വിദ്യാഭ്യാസരംഗത്ത് കേരളം പോലുള്ള സംസ്ഥാനങ്ങളുണ്ടാക്കിയ നേട്ടങ്ങളെ തകർക്കാനുള്ള സംഘപരിവാർ പദ്ധതിക്കെതിരെ അക്കാദമിക സമൂഹം ജാഗ്രത പുലർത്തണമെന്നും അദ്ദേഹം പറഞ്ഞു.

സംഘടനയുടെ ഐ ടി സെൽ തയ്യാറാക്കിയ വാട്ട്സാപ്പ് ചാനൽ, മെമ്പർഷിപ്പ് സർട്ടിഫിക്കറ്റ് എന്നിവയുടെ റിലീസ് ഐഫക്റ്റോ മുൻ ദേശീയ പ്രസിഡന്റ് പ്രൊഫ. തോമസ് ജോസഫ് നിർവ്വഹിച്ചു.

എ കെ പി സി ടി എ മുഖമാസിക കേരള പ്രൈവറ്റ് കോളജ് ടീച്ചറിന്റെ പുതിയ ലക്കം ജനറൽ സെക്രട്ടറി ഡോ ബിജുകുമാർ കെ പ്രവർത്തക സമിതി അംഗം പ്രമോദ് വെള്ളച്ചാലിന് നൽകി പ്രകാശനം ചെയ്തു. സംസ്ഥാന പ്രസിഡന്റ് എ നിശാന്ത് അധ്യക്ഷനായിരുന്നു. ജനറൽ സെക്രട്ടറി ഡോ.ബിജുകുമാർ കെ സ്വാഗതവും സംസ്ഥാന സെക്രട്ടറി ഡോ.ജേക്കബ് എബ്രഹാം നന്ദിയും പറഞ്ഞു. ജനറൽ സെക്രട്ടറി ഡോ ബിജുകുമാർ കെ സംഘടനാരേഖയും, ട്രഷറർ ഡോ.രേണുക എൻ സാമ്പത്തിക രേഖയും അവതരിപ്പിച്ചു. വിവിധ സബ് കമ്മിറ്റി കൺവീനർമാരായ ഡോ.ശ്രീജ.എസ്, ഡോ.അനിൽകുമാർ കെ എം, ഡോ.ജൂബി വി പി, ഡോ.വിധു നാരായൺ, ലിജിൻ പി മാത്യു, ഡോ.സന്തോഷ് വള്ളിക്കാട്, ഡോ.ലതാകുമാരി പി സി, ഡോ.ലിബിൻ കുര്യാക്കോസ്, ഡോ.അനസ് സി എ എന്നിവർ സംഘടനാ രേഖകൾ അവതരിപ്പിച്ചു. സംസ്ഥാന സെക്രട്ടറി ഡോ.ബ്രിജേഷ് വി കെ സ്വാഗതവും കോട്ടയം ജില്ലാ സെക്രട്ടറി ഡോ.വിനു ടി പി നന്ദിയും പറഞ്ഞു. കാലടി സംസ്കൃത സർവകലാശാല സിൻഡിക്കേറ്റ് അംഗം അഡ്വ.കെ.എസ്. അരുൺകുമാർ 'മാധ്യമം - സംസ്കാരം, രാഷ്ട്രീയം' എന്ന വിഷയത്തിൽ ക്ലാസെടുത്തു. എകെപിസിടിഎ സംസ്ഥാന വൈസ് പ്രസിഡന്റ് ആഷ പ്രഭാകരൻ അധ്യക്ഷത വഹിച്ചു. എകെപിസിടിഎ സംസ്ഥാന സെക്രട്ടറി ഡോ.ഷനോജ് എം.പി സ്വാഗതവും എകെപിസിടിഎ തിരുവനന്തപുരം ജില്ലാ സെക്രട്ടറി ഡോ.സുമേഷ് ജി.എസ് നന്ദിയും പറഞ്ഞു.

വൈകീട്ട് നടന്ന സർവ്വകലാശാല തിരിച്ചുള്ള ഗ്രൂപ്പ് ചർച്ചയിൽ കണ്ണൂർ സർവ്വകലാശാല സിൻഡിക്കേറ്റംഗം പ്രമോദ് വെള്ളച്ചാൽ,കാലിക്കറ്റ് സർവ്വകലാശാല സിൻഡിക്കേറ്റംഗം ഡോ.പ്രദീപ് കുമാർ കെ, കേരള സർവ്വകലാശാല സിൻഡിക്കേറ്റംഗം ഡോ.മനോജ് ടി ആർ, എം ജി സർവ്വകലാശാല സിൻഡിക്കേറ്റംഗം ഡോ സുമേഷ് എ എസ് എന്നിവർ അധ്യക്ഷരായി. സാംസ്കാരിക വേദിയുടെ നേതൃത്വത്തിൽ കലാപരിപാടികൾ സംഘടിപ്പിച്ചു.


രണ്ടാം ദിവസം 'സംഘടനാ ചരിത്രവും വർത്തമാന കാല വെല്ലുവിളികളും' എന്ന വിഷയത്തിൽ എ കെ പി സി ടി എ മുൻ ജനറൽ സെക്രട്ടറി ഡോ സി പത്മനാഭൻ ക്ലാസ് എടുത്തു.

സംസ്ഥാന വൈസ് പ്രസിഡന്റ് സഞ്ജീവ് ജി അധ്യക്ഷത വഹിച്ചു. പത്തനംതിട്ട ജില്ലാ സെക്രട്ടറി റെയ്സൺ സാം രാജു ക്രഡൻഷ്യൽ റിപ്പോർട്ട് അവതരിപ്പിച്ചു. സംസ്ഥാന സെക്രട്ടറി ഡോ സോജു എസ് സ്വാഗതവും പാലക്കാട് ജില്ലാ സെക്രട്ടറി രാജേഷ് ആർ നന്ദിയും പറഞ്ഞു.

പ്രവർത്തനരേഖയിന്മേൽ നടന്ന ചർച്ചയിൽ ബിജു എം എസ്, ഡോ ജോജി വർഗീസ്, ഡോ പ്രിയ മാത്യൂസ്, ഡോ കെ ടി അബ്ദുസമദ്, മഹേഷ് എച്ച്, ഷമീറ ടി, ഡോ ഹസീന കെ പി എ , അസ്ഹർ അലി, ഡോ ലക്ഷ്മീദേവി സി എസ്, ഡോ രാകേഷ് ചന്ദ്രൻ എസ് ബി എന്നിവർ പങ്കെടുത്തു.

സംസ്ഥാന പ്രസിഡന്റ് എ നിശാന്ത് അധ്യക്ഷനായി. ജനറൽ സെക്രട്ടറി ഡോ ബിജുകുമാർ കെ മറുപടി പറഞ്ഞു. കേരള എയ്ഡഡ് കോളജ് ടീച്ചേഴ്സ് കോ -ഓപ്പറേറ്റീവ് സൊസൈറ്റി പ്രവർത്തനങ്ങൾ സംസ്ഥാന പ്രവർത്തക സമിതി അംഗം ഡോ സുഷമാരാജ് ആർ വി വിശദീകരിച്ചു.













കോഴിക്കോട് ജില്ലാ സെക്രട്ടറി ഡോ അനിൽ വർമ്മ സ്വാഗതവും, ആലപ്പുഴ ജില്ലാ സെക്രട്ടറി ഡോ ഫറൂഖ് എസ് നന്ദിയും പറഞ്ഞു.

എ കെ പി സി ടി എ ഐ ടി സെൽ നിർമ്മിച്ച 'വി എസ് നടന്നു നീങ്ങിയ കനൽ വഴികൾ' എന്ന ഡോക്യുമെന്ററി ഫിലിം പ്രദർശിപ്പിച്ചുകൊണ്ട് വി എസ് അച്യുതാനന്ദൻ അനുസ്മരണ പരിപാടി നടത്തി. ഡോക്യുമെൻടി കേരള വിദ്യാഭ്യാസ സമിതി ജനറൽ കൺവീനർ ഡോ സി പത്മനാഭൻ റിലീസ് ചെയ്തു.

ഇടുക്കി ജില്ലാ സെക്രട്ടറി ഡോ കൃഷ്ണകുമാർ എം വി ക്യാമ്പ് സംഘാടനവുമായി ബന്ധപ്പെട്ട റിപ്പോർട്ട് അവതരിപ്പിച്ചു.

ഉന്നതവിദ്യാഭ്യാസ മേഖലയിൽ കേരള സർക്കാർ നടത്തിവരുന്ന പരിഷ്കരണ പ്രവർത്തനങ്ങൾക്കും, ഇടതുസർക്കാർ നടത്തുന്ന പുരോഗമന- മതനിരപേക്ഷ - ജനാധിപത്യ മുന്നേറ്റങ്ങൾക്കും തുടർച്ചയുണ്ടാക്കാൻ വേണ്ട രാഷ്ട്രീയ പ്രക്രിയയിൽ അധ്യാപക സമൂഹം മുന്നിട്ടിറങ്ങണമെന്ന് പ്രവർത്തക ക്യാമ്പ് ആഹ്വാനം ചെയ്തു.

ഒക്ടോബർ 11, 12 തീയ്യതികളിൽ നടന്ന ക്യാമ്പിൽ 350 ഓളം പേർ പങ്കെടുത്തു.

# സംഘടനാവാർത്തകൾ

## ഉന്നതവിദ്യാഭ്യാസ വകുപ്പ് മന്ത്രിക്കും ധനകാര്യ വകുപ്പ് മന്ത്രിക്കും സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർക്കും നിവേദനം നൽകി



എ കെ പി സി ടി എ സംസ്ഥാന കമ്മിറ്റി തയ്യാറാക്കിയ " ഇന്റഗ്രേറ്റഡ് ടീച്ചർ എഡ്യൂക്കേഷൻ പ്രോഗ്രാം(ITEP) കേരളത്തിൽ നടപ്പിൽ വരുത്തുമ്പോൾ പരിഗണിക്കേണ്ട വിവിധ വിഷയങ്ങളെ സംബന്ധിച്ചുള്ള നിവേദനം" കോട്ടയത്ത് വെച്ച് നടക്കുന്ന വിഷൻ 2031 ഉന്നത വിദ്യാഭ്യാസ സെമിനാർ വേദിയിൽ വെച്ച് സംഘടനയുടെ ജനറൽ സെക്രട്ടറി ഡോ ബിജുകുമാർ കെ ഉന്നതവിദ്യാഭ്യാസ വകുപ്പ് മന്ത്രി ഡോ ആർ ബിന്ദുവിന് കൈമാറി.

കോട്ടയം ജില്ലാ സെക്രട്ടറി ഡോ. വിനു ടി പി, പ്രവർത്തക സമിതി അംഗം ഡോ ലിബിൻ കുര്യാക്കോസ്, എം ജി സിൻഡിക്കേറ്റ് അംഗങ്ങൾ ഡോ സുമേഷ് എ എസ്, അരുൺ കെ ശശീന്ദ്രൻ, കോട്ടയം ജില്ലാ പ്രസിഡൻ്റ് ഡോ. വിൽസൺ സി തോമസ്, കോട്ടയം ജില്ല അക്കാദമിക് കമ്മിറ്റി കൺവീനർ മഞ്ചേഷ് മാത്യു എന്നിവർ ഒപ്പം.



വിവിധ സർവ്വീസ് വിഷയങ്ങൾ ഉന്നയിച്ച് എ കെ പി സി ടി എ സംസ്ഥാന കമ്മിറ്റി ധനകാര്യ വകുപ്പ് മന്ത്രിക്കും സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർക്കും നിവേദനം നൽകി.

വിവിധ സർവ്വീസ് വിഷയങ്ങൾ സംബന്ധിച്ച് സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ ഡോ പി ജയപ്രകാശുമായി ജനറൽ സെക്രട്ടറി ഡോ ബിജുകുമാർ കെ, വൈസ് പ്രസിഡന്റ് സഞ്ജീവ് ജി, സംസ്ഥാന കമ്മിറ്റി അംഗം ഡോ സന്തോഷ്കുമാർ കെ ജി, എൻജിനീയറിംഗ് സബ് കമ്മിറ്റി അംഗം പ്രൊഫ കെ എ അയ്യപ്പൻ എന്നിവരാണ് നിവേദനം നൽകി ചർച്ച നടത്തിയത്.

QIP പദ്ധതിയിൽ പി എച്ച് ഡി ചെയ്യുന്നതിന് അനുമതി ലഭിച്ചവർക്ക് സർക്കാർ സമ്മതപത്രം നൽകുക, QIP പദ്ധതിയിൽ പി എച്ച് ഡി ചെയ്യുന്നതിനുള്ള കാലയളവ് ആറ് കൊല്ലമായി നിജപ്പെടുത്തിയ അപ്രായോഗിക മാനദണ്ഡങ്ങളിൽ മാറ്റം വരുത്തുക, എ ഐ സി ടി ഇ ഏഴാം ശമ്പളപരിഷ്കരണത്തിന്റെ കുടിശ്ശിക യു ജി സി ശമ്പള കുടിശ്ശികയ്ക്ക് സമാനമായി 31.3.2019 പ്രാബല്യത്തിലെങ്കിലും അനുവദിക്കുക, AICTE ഏഴാം പദ്ധതിയിൽ നിർദ്ദേശിക്കപ്പെട്ട ഫ്ലെക്സിബിൾ കേഡർ പ്രൊമോഷന് വേണ്ട സർക്കാർ ഉത്തരവ് അടിയന്തിരമായി പുറപ്പെടുവിക്കുക, CAS ഉത്തരവുകളിലും അതിഥി അധ്യാപക നിയമനത്തിലും ജോലിഭാര നിർണ്ണയത്തിലും കൗൺസിൽ ഓഫ് ആർക്കിടെക്ചർ റഗുലേഷനുകൾ പൂർണ്ണമായി പാലിക്കുവാനുള്ള നിർദ്ദേശം കൂടി ഉൾപ്പെടുത്തുക തുടങ്ങിയ വിവിധ വിഷയങ്ങളിലാണ് നിവേദനം നൽകിയത്.


വിഷയങ്ങൾ പരിഹരിക്കാനായി ധനകാര്യവകുപ്പും ഉന്നതവിദ്യാഭ്യാസ വകുപ്പും ആയി സംഘടന തുടർ ചർച്ചകൾ നടത്തും.


- അധ്യാപകരുടെ പ്ലേസ്മെന്റ് / പ്രൊമോഷനുകൾക്ക് അംഗീകാരം നൽകുക
- ഗവേഷണവുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങളിൽ പരിഹാരം കാണുക
- FYUGP ചോദ്യബാങ്ക്, പരീക്ഷാ നടത്തിപ്പ് - കൂടുതൽ കാര്യക്ഷമമാക്കുക









## GOVERNMENT OF KERALA

**Abstract**

Payment of Dearness Allowance/Dearness Relief payable in respect of the Teaching staff/Pensioners/Family pensioners coming under UGC/AICTE /Medical Education Schemes – Revised Rates – Orders Issued.

---

**FINANCE (PAY RESEARCH UNIT) DEPARTMENT**

G.O.(P)No.137/2025/FIN Dated,Thiruvananthapuram, 31-10-2025

---

Read 1. G.O.(P) No.151/2020/Fin dated 05.11.2020

2. O.M.No.1/4/2023-E-II (B) dated 20.10.2023 from the Department of Expenditure, Ministry of Finance, Government of India.
3. O.M.No.42/04/2023-P&PW (D) dated 27.10.2023 from the Department of Pension & Pensioners' Welfare, Ministry of Personnel, Public Grievances & Pensions, Government of India.
4. O.M.No.1/3(1)/2008-E.II(B) dated 06.11.2023 from the Department of Expenditure, Ministry of Finance, Government of India.
5. G.O.(P) No.104/2025/Fin dated 25.08.2025.

**ORDER**

Government are pleased to order that the rates of Dearness Allowance payable in respect of the teaching staff coming under UGC/AICTE/Medical Education Schemes who have changed over to revised UGC/AICTE/Medical Education scale from 01.01.2016 or thereafter will be enhanced from the existing 42% to 46%.

2. The rates of Dearness Allowance payable in respect of the teaching

staff coming under UGC/AICTE/Medical Education Schemes who are continuing in the 6th UGC/AICTE/Medical Education scale from 01.01.2006 or thereafter will be enhanced from the existing 221% to 230%.

3. The rates of Dearness Relief payable to UGC Pensioners/Family pensioners whose Pension/Family pension has been revised as per Government Order read 1st above will be enhanced from the existing 42% to 46%.

4. The rates of Dearness Relief payable to UGC Pensioners/Family pensioners whose Pension/Family pension had not been revised as per Government Order read 1st above will be enhanced from the existing 221% to 230%.

5. The enhanced Dearness Allowance shall be started to draw along with the salary due from the month of October 2025. i.e., salary to be disbursed from November 2025.

6. The enhanced Dearness Relief shall be started to draw along with the pension due for the month of November 2025, i.e, pension to be disbursed from November 2025.

7 . The enhanced rate of dearness allowance is applicable, subject to availability of funds, to grant-in-aid institutions, including RCC, MCC etc. where UGC/AICTE/Medical Education Scheme has been implemented through Government Order. The increased rate of dearness relief is applicable only to institutions, including universities, where statutory pension is followed by Government order. The

enhanced rate of Dearness Allowance and Dearness Relief should not exceed 46% (230% for those continuing in the 6th UGC/AICTE/Medical Education scale effective from 01.01.2006 or thereafter). Such institutions can sanction the enhanced rate of Dearness Allowance and Dearness Relief after obtaining approval of the Board of Directors/Governing Body/Managing Committee/Executive Committee etc.

(By order of the Governor)
K R JYOTHILAL
ADDITIONAL CHIEF SECRETARY

To:

The Principal Accountant General (A&E), Kerala, Thiruvananthapuram.
The Accountant General (Audit-I/II), Kerala, Thiruvananthapuram.
All Departments (All Sections) of the Secretariat including Law Department.
All Heads of Departments and Offices.
The Secretary, Kerala Public Service Commission.
The Registrar, High Court of Kerala, Ernakulam.
The Advocate General, Kerala, Ernakulam.
All Additional Chief Secretaries, Principal Secretaries, Secretaries, Special Secretaries, Additional Secretaries, Joint Secretaries, Deputy Secretaries and Under Secretaries to Government.
The Secretary to Governor.
The Private Secretaries to Chief Minister and Ministers.
The Private Secretary to the Leader of Opposition and Government Chief Whip.
The Private Secretary to Speaker/Deputy Speaker.
The Additional Secretary to the Chief Secretary.
The Registrars, All Universities in Kerala.
The Director of Treasuries, Thiruvananthapuram.

# GOVERNMENT OF KERALA

## Abstract

Finance Department- Medical Insurance Scheme for State Government Employees and Pensioners- MEDISEP- Extension of the first phase of the MEDISEP scheme for a period of two months - Sanction- Orders issued.

## FINANCE (HEALTH INSURANCE) DEPARTMENT

**G.O.(P)No.131/2025/FIN Dated,Thiruvananthapuram, 29-10-2025**

Read 1 G.O (P) No. 70/2022/FIN Dated 23/06/2022
2 G.O (P) No. 74/2025/FIN Dated 17/06/2025
3 G.O (P) No. 117/2025/FIN Dated 23/09/2025
4 Letter no.HI-2/170/2023-FIN Dated 27/10/2025
5 Letter from OICL dated 28/10/2025

## ORDER

Government have launched MEDISEP scheme for the State Government Employees, Pensioners/family pensioners and their eligible family members, employees and pensioners of Universities which receive Grant-in-Aid from State Government and Local Self Government Institutions and directly recruited Personal Staff of Chief Minister, Ministers, Leader of opposition, Chief Whip, Speaker, Deputy Speaker, Chairmen of Financial Committees and Personal staff pensioners and family pensioners through the OICL with effect from 01/07/2022 in GO read 1st above.

2. The scheme was introduced for a period of three years spanning from 01-07-2022 to 30-06-2025. Since, the process for initiating the second phase of the scheme is underway the scheme was extended for a period of three months vide order read 2nd above. Later, the scheme was extended for another term of one month till 31-10-2025 vide order read 3rd above. Now, the tendering process for selecting the insurer for the second phase is ongoing. As the extended period of one month is nearing towards end, government sought the possibility of extending the period for a period of two months vide letter cited 4th above. The OICL accepted this request and

they expressed their willigness to extend the scheme for a period of two months vide letter referred 5th above with the following conditions:

1. The premium shall be payable @ Rs. 531/- including GST per family for two months period expiring on 31/12/2025 for the existing number of families.

2. The premium of Rs. 531/- per family has to be remitted in a single installment before 31/10/2025.

3. The families shall be covered as per existing terms and conditions and only for their balance sum insured available on 31/10/2025. However, in respect of the families who have a balance Sum Insured of less than Rs. 50,000/-, their eligible Sum Insured during the extension period of two months shall be Rs. 50,000/- per family.

4. Catastrophic package claims if any, shall be entertained on payment of additional funds as per current terms.

Government have examined this matter in detail. For the uninterrupted continuation of the scheme so as to provide cashless treatment facility to the beneficiaries, government are pleased to accord administrative sanction to extend the term of MEDISEP Phase I for a further period of two months, that is till 31/12/2025 , with the following conditions:

- The current phase of MEDISEP will continue till the date of 31/12/2025 with the same terms and conditions in the Memorandum of Understanding.

- The premium for the extended period of the scheme which shall expired on 31/12/2025 shall be payable @ Rs. 531/- including GST per family for the extended period of two months for the existing

number of families.

- The additional amount required for the payment of premium will be met from the balance fund available in 8449-00-120-81 – Corpus Fund' and thereby the burden of additional payment will not affect the beneficiaries as well as state exchequer.

- The actual premium @ Rs. 472/- per month including GST and service tax will be met under the head of account 7610-00-800-89-NV-Interest free advance payment to insurance company towards the implementation of MEDISEP.

- Basic Sum Insured (BSI) shall be enhanced to Rs. 50,000/- ( in proportionate to additional premium paid by government per family for the extended period in respect of those families who have either exhausted their sum insured or have a balance sum insured of less than Rs. 50,000/- as on 31/10/2025 for the extension period of two months.

- The scheme will provide cashless treatment benefit as well as the benefit of catastrophic package to the beneficiaries with the same terms and conditions of the existing MEDISEP scheme till the date of 31/12/2025.

**(By order of the Governor)**
**K R JYOTHILAL**
**ADDITIONAL CHIEF SECRETARY**

To:

The Principal Accountant General ( G &SSA/A&E), Kerala, Thiruvananthapuram.

The Accountant General ( E & RSA), Kerala, Thiruvananthapuram

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഉന്നതവിദ്യാഭ്യാസ വകുപ്പ്- കോളേജ് വിദ്യാഭ്യാസം- ജീവനക്കാര്യം- കോളേജ് വിദ്യാഭ്യാസ വകുപ്പ്/സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് എന്നിവയ്ക്ക് കീഴിലെ അതിഥി അധ്യാപകരുടെ വേതനം പുതുക്കി നിർണ്ണയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**ഉന്നതവിദ്യാഭ്യാസ (എഫ്) വകുപ്പ്**

സ.ഉ.(സാധാ) നം.**1449/2025/HEDN** തീയതി,തിരുവനന്തപുരം, **06-11-2025**

---

പരാമർശം:- **05.06.2025** തീയതിയിലെ സ.ഉ (സാ.ധാ) നം. **723/2025**/ഉവിവ

**ഉത്തരവ്**

കോളേജ് വിദ്യാഭ്യാസ വകുപ്പ്/സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് എന്നിവയ്ക്ക് കീഴിലെ അതിഥി അധ്യാപകരുടെ വേതനം പരാമർശ ഉത്തരവ് പ്രകാരം യു.ജി.സി യോഗ്യത ഉള്ളവർക്ക് ദിവസ വേതന അടിസ്ഥാനത്തിൽ **2200**/- രൂപ നിരക്കിൽ ഒരു മാസം പരമാവധി **50,000**/- രൂപയും യു.ജി.സി യോഗ്യത ഇല്ലാത്തവർക്ക് ദിവസ വേതന അടിസ്ഥാനത്തിൽ **1800**/- രൂപ നിരക്കിൽ ഒരു മാസം പരമാവധി **45,000**/- രൂപയും ആക്കി പരിഷ്കരിച്ചിരുന്നു.

(2) അതിഥി അധ്യാപകരുടെ വേതനം വർദ്ധിപ്പിക്കുന്നതിന് സർക്കാർ തീരുമാനമായതിന്റെ അടിസ്ഥാനത്തിൽ, കോളേജ് വിദ്യാഭ്യാസ വകുപ്പ്/സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് എന്നിവയ്ക്ക് കീഴിലെ അതിഥി അധ്യാപകരുടെ വേതനം യു.ജി.സി യോഗ്യത ഉള്ള അതിഥി അദ്ധ്യാപകർക്ക് പ്രതിദിനം **2300**/- രൂപ നിരക്കിൽ പരമാവധി **52,000**/- രൂപയായും യു.ജി.സി യോഗ്യത ഇല്ലാത്ത അതിഥി അദ്ധ്യാപകർക്ക് പ്രതിദിനം **2000**/- രൂപ നിരക്കിൽ **47,000**/- രൂപയായും പുതുക്കി നിർണ്ണയിച്ച് പരാമർശ പ്രകാരമുള്ള ഉത്തരവ് പരിഷ്കരിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ. ഷർമിള മേരി ജോസഫ്
പ്രിൻസിപ്പൽ സെക്രട്ടറി

ഡയറക്ടർ, കോളേജ് വിദ്യാഭ്യാസ വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, സാങ്കേതിക വിദ്യാഭ്യാസ വകുപ്പ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം.
പൊതു ഭരണ (എസ് .സി) വകുപ്പ് - **29.10.2025** ലെ ഇനം നം. **3370 O.A.**

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**ഉന്നതവിദ്യാഭ്യാസ (ബി) വകുപ്പ്**

നമ്പർ: HEDN-B3/143/2025-HEDN 17-11-2025,തിരുവനന്തപുരം

പ്രേഷകൻ

ഗവ. പ്രിൻസിപ്പൽ സെക്രട്ടറി.

സ്വീകർത്താവ്

രജിസ്ട്രാർ,

കേരള / എം.ജി. / കാലിക്കറ്റ് / കണ്ണൂർ / കൊച്ചി ശാസ്ത്ര-സാങ്കേതിക /

ശ്രീ ശങ്കരാചാര്യ സംസ്കൃത / തുഞ്ചത്തെഴുത്തച്ഛൻ മലയാള /

ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാല.

സർ,

വിഷയം:- ഉന്നതവിദ്യാഭ്യാസം - സർവകലാശാലകളിലെ ബിരുദ, ബിരുദാനന്തര ബിരുദ പരീക്ഷകൾ മലയാളത്തിൽ എഴുതുന്നതിനുള്ള അനുവാദം നൽകുന്നത് - പൊതു നിർദ്ദേശം നൽകുന്നത് - സംബ.

മേൽ വിഷയത്തിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. ഭാഷാ വിഷയങ്ങൾ ഒഴികെയുള്ള ബിരുദ, ബിരുദാനന്തര പരീക്ഷകൾ മലയാളത്തിലും എഴുതുന്നതിന് വിദ്യാർത്ഥികളെ അനുവദിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് അറിയിക്കുന്നു.

വിശ്വസ്തതയോടെ,
രാകേഷ് എസ്. പി
അണ്ടർ സെക്രട്ടറി
പ്രിൻസിപ്പൽ സെക്രട്ടറിയ്ക്കുവേണ്ടി

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ.


KERALA PRIVATE
COLLEGE TEACHER
ISSN 2454-4795
journal of the all kerala private college teachers' association

### Technical data

| | | |
|---|---|---|
| Size | : | Crown ¼ |
| Size of Type Page | : | 23cm x 16 cm |
| Column Length | : | 23cm |
| Column Width | : | 5cm |
| No. of Columns | : | 3 |

### Advertisement rate

| | | |
|---|---|---|
| Centre Spread Multi Colour | : | Rs. 20,000 |
| Back Cover Multi Colour | : | Rs.15,000 |
| Inside Cover Multi Colour | : | Rs.10,000 |
| Centre Spread Black and White | : | Rs.10,000 |
| Full Page Black and White | : | Rs. 8,000 |
| Half Page Black and White | : | Rs. 4,000 |




Account Details:

**The All Kerala Private College Teachers' Association, Thiruvananthapuram**

Account Number: **21410200001788**
Bank : **Federal Bank**
Branch: **Athani Thrissur**
IFSC: **FDRL0002141**

ഈ അക്കൗണ്ടിൽ താരിഫനുസരിച്ചുള്ള പണമടച്ചതിനുശേഷം, ആവശ്യമുള്ള വലുപ്പത്തിൽ നന്നായി രൂപകൽപ്പന ചെയ്ത പരസ്യത്തിന്റെ പേജ്, പണമടച്ചതിന്റെ സ്ക്രീൻഷോട്ടും പരസ്യദാതാവിന്റെ കത്തും സഹിതം collegeteacheredt@gmail.com എന്ന വിലാസത്തിലേക്ക് അയയ്ക്കുക.


വി. എസ് പ്രവീൺ കുമാർ
എസ് എ എസ് എൻ ഡി പി കോളജ്, കോന്നി, പത്തനംതിട്ട
കരവാളൂർ ഗ്രാമപഞ്ചായത്ത്, നരിക്കൽ 2-ാം വാർഡ്
ഡോ. പി പ്രീയമോൾ
ദേവസ്വം ബോർഡ് പമ്പ കോളജ്, പരുമല, പത്തനംതിട്ട
ഭരണിക്കാവ് ഗ്രാമപഞ്ചായത്ത്, മഞ്ഞാടിത്തറ 22-ാം വാർഡ്
റീത്തു മറിയ ജേക്കബ്ബ്
മാർത്തോമ്മ കോളജ്, തിരുവല്ല, പത്തനംതിട്ട
തിരുവല്ല മുൻസിപ്പാലിറ്റി, ജെ പി നഗർ, 37-ാം വാർഡ്
ജിമ്മി ജെയിംസ്
സെൻറ് സ്റ്റീഫൻസ് കോളജ്, ഉഴവൂർ, കോട്ടയം
വെളിയന്നൂർ ഗ്രാമപഞ്ചായത്ത്, പുതുവേലി 14-ാ വാർഡ്
ഡോ. മഞ്ജുഷ വി പണിക്കർ
ബസേലിയസ് കോളജ്, കോട്ടയം
പാമ്പാടി ബ്ലോക്ക് പഞ്ചായത്ത്, കൂരോപ്പട ഡിവിഷൻ
റിയാസ് പഴഞ്ഞി
എം ഇ എസ് പൊന്നാനി കോളജ്, പൊന്നാനി, മലപ്പുറം
വെളിയങ്കോട് ഗ്രാമപഞ്ചായത്ത്, പഴഞ്ഞി 4-ാം വാർഡ്
പ്രിയ സുഹൃത്തുക്കൾക്ക്
വിജയാശംസകൾ
AKPCTA
എ കെ പി സി ടി എ
സംസ്ഥാന കമ്മിറ്റി




ELECTRIC ORIGIN SUVs
mahindra
BE 6
POWER MEETS PURPOSE
GO ELECTRIC!
BE 6
T&C Apply*
Price Starts at ₹18.90 Lakhs
LiveYourMood
Pre-set themes (Calm, Cozy and Club) with signature sonic tunes curated by AR Rahman.
Mahindra Sonic Studio
1400 watt, 16-Speaker Harman Kardon System with Dolby Atmos.
AutoPark
Parking Made effortless.
VisionX
Augmented-reality Heads Up Display (HUD).
Infinity Roof
with integrated ambient lights.
VAYALAT Mahindra
HEAD OFFICE: NH BYPASS ROAD, KOCHI
Br. MUVATTUPUZHA | PERUMBAVOOR | PARAVUR ANGAMALY
+91 75107 33333

KERALA PRIVATE COLLEGE TEACHER

ISSUE No.317

ISSN 2454-4795
OCTOBER - NOVEMBER - 2025




Printed and Published by Prof. (Dr.) K. Bijukumar, AKPCTA State Committee Office, Vanchiyoor, Thiruvananthapuram-35
Ph: 0471-2463494 E-mail: akpctatvm@gmail.com www.akpcta.org
**Editor : Dr. Vidhu Narayan**